
# ഉദയം

ബറോഡ കേരള സമാജം പ്രസാധനം

Trust Regn. No. F/308
Soc. Regn. No. Guj/567

വാള്യം: 1 | സെപ്റ്റംബർ 2022 | ലക്കം: 2


# ഓണപ്പതിപ്പ് 2022



K. C. KURUP

M. 98255 36678
77790 02035

# Shreeji
## Health Care

Occupational Health Services



### OUR SERVICES :

- Pre-Employment Medicdal Check-Up
- Periodical Medical Check-Up
- Hospital / I.C.U. Services
- Home Services

### OUR FACILITIES :

- Clinical Check-Up
- X-Ray (Digital)
- Electro Cardiogram
- Pulmonary Function Test
- Laboratory Investigations
- TMT
- Vision Test
- Audiometry
- 2D Echo
- Health Card

GF-1, Shivalay Flats, Harinagar,
Rajesh Tower Road, Gotri, Vadodara-23.

Email : shreejiimaging@gmail.com

# ഉള്ളടക്കം


1. എഡിറ്റോറിയൽ 4
2. ഓണം: അന്നും ഇന്നും -ലേഖനം. ലത മേനോൻ 7
3. എന്റെ പൂവ് -കുട്ടിക്കവിത. ഐശ്വര്യ ആർ നായർ 10
4. വര: പി ഒ അമ്പയ് 10
5. കാലാങ്കിക്കുന്ന് –കഥ. ഉണ്ണികൃഷ്ണൻ എം കെ 11
6. എൻ മലനാടേ – കവിത. വിശ്വനാഥൻ 16
7. ആ കല്യാണം –കഥ. പദ്മിനി ആർ പിള്ള 17
8. വര: അനുരാഗ് പി. ഒ. 19
9. മറക്കാനാകാത്ത തിരുവോണനാൾ -കഥ. അരുൺ 20
10. A King without a Crown – Poem. Ashima Anil 21
11. വര: സനുഷ എസ് പിള്ള 22
12. വര: ഗീതു ഗോപിനാഥ് 23
13. Comedy with Covid 19 - Essay. Nisha Natarajan 24
14. Oh Mariner! - Poem. Saranya S 26
15. വര: അനഘ എസ് പിള്ള 27
16. വര: തന്മയ ശ്രീനാഥ് 27
17. Know the Flue - Essay. Dr. Aishwarya Nair 29
18. ഫെയ്മ സമ്മേളന റിപ്പോർട്ട് 31
19. ഹൃദയാക്ഷരങ്ങൾ -കഥ. സ്മിത നായർ 32
20. വര: ശ്രീജിത്ത്, സമ 37
21. വര: ആഷി ആനന്ദ് 38
22. വര: നിരഞ്ജന 38
23. വര: ധർമജൻ 39
24. ഒരു നവംബർ അനുഭവക്കുറിപ്പ് –അനുഭവം. വി കെ ശ്രീനാഥ് 40

# എഡിറ്റോറിയൽ

പ്രിയ വായനക്കാരേ,

എല്ലാവർക്കും ഹൃദയംഗമമായ ഓണാശംസകൾ

മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രമെങ്കിൽ ഓണത്തിനും മാറ്റം വന്നിട്ടുണ്ടാവണം. രീതികളിലും വ്യവഹാരങ്ങളിലും ഓണത്തിന് മാറ്റങ്ങൾ കണ്ടെത്താൻ മുതിർന്ന തലമുറയിലുള്ളവർക്ക് കഴിഞ്ഞേക്കും. ഓരോ രണ്ടു കിലോമീറ്ററിലും ഭാഷാപ്രയോഗത്തിൽ മാറ്റം കണ്ടെത്താൻ കഴിയുന്ന കേരളത്തിൽ ഓണആഘോഷങ്ങളിൽ മാറ്റങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ എന്ന് പറഞ്ഞേക്കാം; എന്നാൽ ഇവിടെ വിവക്ഷ അതല്ല. കാലാനുസൃതമായി ഓണത്തിന് വന്ന മാറ്റങ്ങളെ കുറിച്ചാണ്.
ഓണത്തിന്റെ ആരംഭത്തെ കുറിച്ച് വിശ്വസനീയവും തെളിവുകൾ ഒന്നും തന്നെയില്ലത്രേ. എ ഡി രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട സംഘകാല തമിഴ് കൃതിയായ 'മധുരൈ കാഞ്ചി'യിലാണ് ഓണത്തെ കുറിച്ചുള്ള ആദ്യത്തെ രേഖപ്പെടുത്തലുകൾ കണ്ടെത്തിയിട്ടുള്ളത്. ശ്രാവണമാസത്തിൽ മധുരയിൽ ഏഴു ദിവസത്തെ ഓണാഘോഷം നടന്ന രീതികൾ വിശദീകരിക്കപ്പെട്ടിട്ടുണ്ടതിൽ. ഒൻപതാം നൂറ്റാണ്ടിൽ തമിഴ് ചിന്തകനായ പെരിയഴവർ ഓണസദ്യയെയും ഓണക്കോടിയെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

മലയാള വർഷം 36 ൽ 'ചേന്ദൻ ചങ്കരൻ' ഓണാഘോഷത്തിനായി ഭൂമിയും നെല്ലും സദ്യവട്ടങ്ങളും വിട്ടുനൽകിയതായി ലിഖിതങ്ങൾ കേരളത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

അന്നും ഇന്നും മലയാളിയുടെ ഓണക്കാലത്ത് ക്ഷേത്രങ്ങളിലേക്ക് കാഴ്ചവസ്തുക്കൾ സമർപ്പിക്കുന്നതായി ഇവയിലെല്ലാം രേഖപ്പെടുത്തിക്കാണുന്നുണ്ട്. പതിനാറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'ബർത്തലോമിയോ ഇറ: എ വോയേജ് ടു ഈസ്റ്റ് ഇൻഡീസ്' എന്ന കൃതിയിലാണ് ഇന്നത്തെ രീതികളോട് സാമ്യമുള്ള ഓണാഘോഷത്തെക്കുറിച്ചുള്ള വിവരങ്ങൾ കാണുന്നത്.

ബാബിലോണിയയിലെ സുമേറിയക്കാർ അവരുടെ പുതുവർഷത്തോടനുബന്ധിച്ച് ആഘോഷങ്ങൾ നടത്തിയിരുന്നതായും അവയ്ക്ക് ദേവാസുരയുദ്ധവുമായി ബന്ധപ്പെട്ട കഥകളുമായി ബന്ധമുണ്ടായിരുന്നതായി എൻ വി കൃഷ്ണവാര്യർ നിരീക്ഷിച്ചിട്ടുണ്ട്.

പുതുവര്ഷാരംഭമായ ചിങ്ങമാസത്തിൽ

ആഘോഷിക്കപ്പെടുന്ന ഓണത്തിന്റെ ചരിത്രാതീതകാലത്തെ ആരംഭം ഇങ്ങനെയൊക്കെ ആയിരിക്കാം എന്ന് വില്യം ലോഗനും കുറിച്ചിട്ടുണ്ട്. മഴക്കാലം കഴിഞ്ഞ വേളയിൽ പൂക്കൾ വിരിയുന്ന കാലത്ത് നടക്കുന്ന ആഘോഷമായ ഓണം മലയാളികളുടെ നാല് പ്രധാന ആഘോഷങ്ങളിൽ ഒന്നായി ലോഗൻ കുറിക്കുന്നു.

തൃക്കാക്കര ക്ഷേത്ര പരിസരത്തായി ചിങ്ങമാസത്തിൽ 28 ദിവസം ചേരരാജാക്കന്മാരുടെ കീഴിലെ നാടുവാഴികളുടെ നേതൃത്വത്തിൽ നടത്തിവന്ന ആഘോഷം പിന്നീട് ഓണാഘോഷമായി മാറി എന്നും ഇത് കേരളക്കര മൊത്തമായി ആഘോഷിക്കപ്പെട്ടു എന്നും ചരിത്രകാരന്മാർ പിന്നീട് വിശ്വസിച്ചു പോരുന്നു.

ഏറ്റവും പഴക്കമേറിയ ഓണം ഓർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു ഞാനും. ചെമ്പരത്തിയിതളുകൾ വട്ടത്തിൽ ഇട്ട ഒരു പൂക്കളം ആണ് ഏറ്റവും പഴയ ഓർമയായി കിട്ടിയത്. അന്നത്തെ ഇലയിട്ടൂണും പായസവും ഓർമ്മവരുന്നുമില്ല. പ്രവാസം തുടങ്ങിയ ശേഷമുള്ള ഓണങ്ങളാണ് നിറമുള്ളതായി കിട്ടുന്നത്; സമൂഹ ഓണാഘോഷങ്ങളും.
ഓണം മലയാളിക്ക് ഒരു വികാരമാണല്ലോ. പറഞ്ഞു പറഞ്ഞു പഴകിയ മഹാബലിക്കഥ പോലെ സമത്വ സുന്ദര ലോകവും ഒരു മിത്ത് ആയി കുട്ടികൾ വരെ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടാവണം. എന്നിട്ടും പൂർവാധികം ആവേശത്തോടെ ഓണം നമ്മൾ ആഘോഷിക്കുന്നു.

'ഓർമകളിലെ ഓണം' എന്നൊരു കവിതയുണ്ട് കവി ബാലചന്ദ്രൻ ചുള്ളിക്കാടിന്റേതായിട്ട്. അത് തുടങ്ങുന്നത്

"ജന്മനാട്ടിൽ ചെന്നു വണ്ടിയിറങ്ങവേ
പുണ്ണുതോറും കൊള്ളി വെച്ചപോൽ ഓർമ്മകൾ"

എന്നാണ്. ആ ഓർമകളെല്ലാം പറഞ്ഞ ശേഷം കവിത തീരുന്നത്

"എന്നും മറക്കാതിരിക്കുവാനല്ലി ഞാൻ
വന്നുപോകുന്നതിങ്ങോണദിനങ്ങളിൽ
"

എന്നും.

ഓർമകളിലെ ഓണം ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. ഈ തലമുറയ്ക്കും വരും തലമുറകൾക്കും സമത്വത്തിന്റെയും സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ദിനങ്ങൾക്കായി ഓണാഘോഷം നിലനിൽക്കട്ടെ. ഒരിക്കൽക്കൂടി എല്ലാവർക്കും 'ഉദയ'ത്തിന്റെ ഓണാശംസകൾ.

സ്നേഹപൂർവ്വം
ഡോ: പി. ഓ. സുരേഷ്

**BARODA KERALA SAMAJAM**

**എല്ലാ പ്രിയപ്പെട്ട മലയാളികൾക്കും ബറോഡ കേരള സമാജത്തിൻറെ ഹൃദയംഗമമായ തിരുവോണാശംസകൾ. ഈ ഓണക്കാലം സമൃദ്ധിയുടെയും സന്തോഷത്തിന്റെയും സർവോപരി പൂർണാരോഗ്യത്തിന്റെയും ആയിത്തീരട്ടെ.**

*ജി സി നായർ*
*പ്രസിഡണ്ട്*

*ജയകുമാർ നായർ*
*സെക്രട്ടറി*

*എം വാസുദേവൻ*
*ട്രഷറർ*


**SANJEEVANI DENTAL HOSPITAL**
**MULTISPECIALITY DENTAL CLINIC & IMPLANT CENTER**

**All advanced dental treatments available under one roof**

FF-03 VRAJ BHOOMI COMPLEX, OPP ESSAR PETROL PUMP
WAVES CLUB ROAD, VASNA BHAYLI MAIN ROAD,
VADODARA – 390014

**DR: AISHWARYA KISHORE PILLAI**
**FOR QUERIES / APPOINTMENT**
**CONTACT: 9824602862**

# ഓണം അന്നും ഇന്നും

*ലേഖനം*

ഓണം നിറവിന്റെ പ്രതീകമാണ്. ഇല്ലത്തിലെ പത്തായങ്ങൾ നിറഞ്ഞ് കവിയും, അടിയാന്മാരുടെ കുടിലുകളിൽ വല്ലങ്ങൾ നിറഞ്ഞു തുളുമ്പും.
മാനുഷരെല്ലാരുമൊന്നുപോലെ... എന്ന ഈരടികളെ ഓർമ്മപ്പെടുത്തി, ഈ വിളവെടുപ്പുത്സവം മലയാളിയുടെ ഒത്തൊരുമ സ്ഥിരീകരിക്കുന്ന നാടിന്റെ ഉത്സവം.
ഓണം മലയാളികളുടെ ദേശീയോത്സവമാണ്.
ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഓണം ആഘോഷിക്കുന്നു.
മഹാബലി എന്ന രാജാവിന്റെ ഭരണകാലം, ആയിരത്താണ്ടുകൾക്കപ്പുറത്തുനിന്ന് ഒരോർമ്മയുടെ നാളം, നന്മയുടെ പ്രകാശം പകർന്ന് നമ്മിലൂടെയും കടന്നുപോകുന്നു. കേരളനാട്ടിലെ 'നിറ' എന്ന ഐശ്വര്യസമൃദ്ധിയെപ്പറ്റി വർണ്ണിക്കുന്ന കാവ്യം തലമുറകൾക്കു പാടി മതിയാവുന്നില്ല ഇപ്പോഴും...

**"മാവേലി നാടുവാണിടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം;
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല"**

എന്നതാണ് ഏറെ പ്രചരിച്ചുനിൽക്കുന്ന കവിവചനം. ആ ഐശ്വര്യപൂർണമായ ഭരണത്തിൽ അസൂയപൂണ്ട ദേവന്മാർക്കുവേണ്ടി വാമനൻ മഹാബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതും, തന്റെ പ്രജകളെ സന്ദർശിക്കാൻ മഹാബലി ആണ്ടിലൊരിക്കലെത്തുന്നതും, മലയാളനാട് എത്ര തലമുറകളിലേക്കു പകർന്ന കഥയാണ്!
ജീവിത രീതികളുടെ ഭാഗമായി ആഘോഷച്ചടങ്ങുകളിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ടാകാമെങ്കിലും ആചാര സങ്കൽപ്പങ്ങളിലും, ഒത്തുചേരലുകളുടെ ആഹ്ലാദത്തിലും, ഓണം ഇന്നും ഓണമായിത്തന്നെ നിലകൊള്ളുന്നു.

ഓണം സംബന്ധിച്ച് പല ഐതീഹ്യങ്ങളും ചരിത്രരേഖകളും നിലവിലുണ്ടെങ്കിലും, ഓണം ആത്യന്തികമായി ഒരു വിളവെടുപ്പുത്സവമാണെന്ന് കരുതിപ്പോരുന്നു. ചിങ്ങമാസത്തിലെ അത്തം നാൾ മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ, പ്രാധാന്യത്തോടെ ആഘോഷിക്കുകയും, ചതയം നാൾ വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു. ഒരു കാലത്ത് കൊച്ചിക്കടുത്തുള്ള തൃക്കാക്കര വാണിരുന്ന മഹാബലി, പെരുമാൾ ക്ഷേത്രത്തിലെ പ്രതിഷ്ഠയായ മഹാദേവന്റെ തിരുനാൾആഘോഷിക്കുന്നതിനായി, ചിങ്ങത്തിലെ അത്തം നാളിൽ ജനങ്ങളെ ക്ഷേത്രസന്നിധിയിൽ വിളിച്ചുവരുത്തുകയും, ആഘോഷങ്ങൾ നടത്തുകയും ചെയ്തിരുന്നുവത്രെ. ഇന്നും കൊച്ചിരാജാവ് നടത്തിപ്പോരുന്ന അത്തച്ചമയം ഇതാണെന്നു കരുതപ്പെടുന്നു. ഈ ഉത്സവാഘോഷമാണു പിന്നീടു

തിരുവോണമായി പരക്കെ ആഘോഷിച്ചു തുടങ്ങിയതത്രെ. തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം.
അവിടെയാണ് ആദ്യമായി ഓണാഘോഷം നടത്തിയത് എന്ന് ഐതിഹ്യങ്ങൾ പറയുന്നു.

കർക്കിടകം എന്ന പഞ്ഞമാസം കഴിഞ്ഞ്, മാനം തെളിയുന്ന ഈ കാലത്താണ്, വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. മഴമാറി വാണിജ്യം പുനരാരംഭിക്കുന്നത് ശ്രാവണ മാസത്തിലെ തിരുവോണ നാളിൽ ആണ്. ദൂരെ നങ്കൂരമിട്ടു കിടന്നിരുന്ന കപ്പലുകൾ അന്നാണ് സ്വർണ്ണപ്പണവുമായി തുറമുഖത്തെത്തിയിരുന്നത്. അങ്ങനെ സ്വർണ്ണനാണയം കൊണ്ടുവന്നിരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും, ഓണത്തെ പൊന്നോണമെന്നും വിളിക്കാൻ കാരണമായി എന്നും പറയപ്പെടുന്നു.

ബുദ്ധഭിക്ഷുക്കളായ ശ്രവണന്മാരെ സംബന്ധിച്ചുള്ളതാണ് ശ്രാവണം. ശ്രാവണത്തിന്റെ പാലി സമാന്തരമാണ് 'സാവണം' അത് ആദിരൂപം ലോഭിച്ച് 'ആവണം' എന്നും, പിന്നീട് 'ഓണം' എന്നും ഉള്ള രൂപം സ്വീകരിച്ചു. ശ്രാവണം ചിങ്ങമാസമാണ്. സംഘകാലത്ത് കേരളത്തിലും തമിഴ്നാട്ടിലുമെല്ലാം ബുദ്ധമതം പ്രബലമായിരുന്നു. അന്നൊക്കെ മഴക്കാലത്ത് ഭജനയിരിക്കലും പഠനവും ഒക്കെയായി ജനങ്ങൾ കഴിഞ്ഞു കൂടിയിരുന്നു, അതിന്റെ തുടർച്ചയായിരിക്കാം ഇന്നത്തെ കർക്കടകമാസത്തെ രാമായണം വായന. ബുദ്ധഭിക്ഷുവായി ദീക്ഷ സ്വീകരിച്ചു കഴിഞ്ഞ് ശ്രവണന്മാരായി മാറുന്ന യുവഭിക്ഷുക്കൾക്ക്, അവരുടെ ദീക്ഷയുടെ പ്രതീകമായി ഒരു മഞ്ഞവസ്ത്രംകൂടി നൽകുക പതിവുണ്ടായിരുന്നു. ഈ സംഭവത്തെ അനുസ്മരിക്കുന്നതാണ് ഓണക്കാലത്തു കുട്ടികൾ ഉടുക്കുന്ന മഞ്ഞക്കോടിയെന്നും വാദമുണ്ട്.

ആണ്ടുപിറപ്പിനെ സൂചിപ്പിക്കുന്ന ചിങ്ങമാസത്തിലെ ആഘോഷം ക്രമേണ ദേശീയോത്സവമായി വളർന്നുവെന്നാണ് മറ്റൊരു വിശ്വാസം. ഇല്ലങ്ങളിലെ പത്തായങ്ങളെല്ലാം നിറഞ്ഞ്, കുടിലുകളിലെ വല്ലങ്ങളെല്ലാം നിറഞ്ഞ്, നിറവിന്റെയും സന്തുഷ്ടിയുടെയും സമയം – പാടങ്ങളിലെ പണിയെല്ലാം കഴിഞ്ഞ്, കൃഷിപ്പണി ചെയ്യുന്നവർക്കും, ചെയ്യിക്കുന്നവർക്കും കൊണ്ടാടാനുള്ള അവസരം. ജന്മിമാർ, അടിയാന്മാർ എന്ന വ്യത്യാസങ്ങൾ മറന്നു സമഭാവനയോടുകൂടി കഴിയുകയും, പരസ്പരം സ്നേഹ സന്ദർശനങ്ങൾ നടത്തുകയും, ഒരേ വേദിയിൽ ഒത്തുചേരുകയും ചെയ്യുവാൻ ഉപകരിച്ചിരുന്ന ഈ കാർഷികോത്സവ പരിപാടി, ക്രമേണ ദേശീയോത്സവമായി എന്നതാണ് നിഗമനം.

അത്തം നാൾ മുതൽ, തിരുവോണം വരെ പൂക്കളമിട്ട്, ഊഞ്ഞാലിലാടി, തിരുവോണം നാൾ മാവേലിയെ നടുമുറ്റത്ത് കുടിയിരുത്തി, പൂജകൾ ചെയ്ത് പിന്നെ ഓണക്കളികളും, ഓണക്കോടിയും, പിന്നെ വിഭവസമൃദ്ധമായ സദ്യയും ഒക്കെയായി, ചതയം നാൾ, മാവേലിയെ എടുത്തു മാറ്റുന്നതു വരെ, ഓണം പൊടിപൊടിക്കുമായിരുന്നു.*"കാണം വിറ്റും ഓണമുണ്ണണം"* എന്നൊരു ചൊല്ലുണ്ട്.

അന്നും ഇന്നും മലയാളിയുടെ മനസ്സിൽ ഓണത്തിന്റെ ഓർമ്മകൾ മൊട്ടിട്ടു നിൽക്കുന്നു. അത്തം തൊട്ട് തിരുവോണം വരെ പത്ത് ദിവസത്തെ ഓണം ഇന്ന് ഉത്രാടം, തിരുവോണം എന്നീ ദിവസങ്ങളിലായി ചുരുങ്ങിയിരിക്കുന്നു. അത്തം മുതൽ തിരുവോണം വരെയുള്ള പത്ത് ദിവസങ്ങളിൽ കുട്ടികൾ സൂര്യോദയത്തിനു മുൻപ് പൂക്കുടയുമായി പൂപ്പറിക്കാൻ പോകുമായിരുന്നു. പാടത്തും, പറമ്പിലും കുന്നിൻ മുകളിലുമെല്ലാം ചെടികളും പൂക്കുടന്നയുമായി നിൽക്കും. തുമ്പപ്പൂവും, അരിപ്പൂവും, രാണിപ്പൂവും, കാക്കപ്പൂവുമൊക്കെ പറിച്ച് പൂക്കുട നിറച്ച് കുട്ടികൾ വീട്ടിലെത്തി പൂക്കളമൊരുക്കുന്നു. അന്ന് ഓണക്കാലം ഒരു വസന്തക്കാലം തന്നെ ആയിരുന്നു. ഇന്ന് സ്ഥിതിയാകെ മാറി, ഓണത്തിന് അങ്ങാടിയിൽ പോയി പൂക്കൾ വാങ്ങി പൂക്കളം തീർക്കുകയാണ് പതിവ്. സ്കൂൾ, കോളേജ് തലങ്ങളിലും, സാംസ്കാരിക കേന്ദ്രങ്ങളിലും പൂക്കള നിർമ്മാണം ഒരു മത്സര രംഗമായി മാറിയിരിക്കുന്നു.

ഓണത്തിന്റെ മറ്റൊരു പ്രത്യേകത കുടുംബാംഗങ്ങൾ എല്ലാം ഒത്തുചേർന്ന് വിഭവസമൃദ്ധമായ സദ്യയുണ്ടാക്കി കഴിക്കുന്നു എന്നതാണ്. അരിയിടിക്കലും - വറക്കലും, കായ വറുക്കലും, അടയുണ്ടാക്കലും, അച്ചാറിടീലും, ചക്ക വരട്ടലും ഒക്കെയായി ഒരു മാസം മുമ്പേ ഒരുക്കങ്ങൾ തുടങ്ങും.ഓണമെന്ന് കേട്ടാൽ തന്നെ ഉപ്പേരിയുടെയും, പപ്പടത്തിൻ്റെയും, പായസത്തിന്റെയും മാധുര്യമാണ് നാവിലൂറുന്നത്. അന്നൊക്കെ ഓണസദ്യക്കുള്ള പച്ചക്കറികൾ വരെ നമ്മുടെ വീട്ടുവളപ്പിൽ തന്നെ കൃഷി ചെയ്തുണ്ടാക്കുമായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി ആകെ മാറി.. ഓണസദ്യയും, പായസവും എല്ലാം പാഴ്സലായി!

ഓണമെന്ന് കേട്ടാൽ ആബാലവൃദ്ധം ജനങ്ങളുടെയും മനസ്സിലേക്ക് ഓടിയെത്തുന്നത് ഓണക്കളികളുടെ ഓർമ്മകൾ തന്നെയാണ്. പുലികളി, കൈക്കൊട്ടികളി, പന്തുകളി, തുമ്പിതുള്ളൽ, ഊഞ്ഞാലാട്ടം എന്നിങ്ങനെ വിവിധതരം നാടൻ കളികൾ! പ്രായഭേദമനുസരിച്ച് ആളുകൾ ഓരോരോ കളികളിൽ മുഴുകുക പതിവായിരുന്നു.. ഇന്നാകട്ടെ കളിസ്ഥലങ്ങളുമില്ല; കളിക്കാനാളുമില്ല. ആളുകൾ ടെലിവിഷൻ പരിപാടികളെ ആശ്രയിച്ച് ഓണം കഴിച്ചു കൂട്ടുന്നു.

പ്രകൃതി പോലും മാറിയിരിക്കുന്നു. ഓണവെയിലും, ഓണനിലാവും, ഓണതുമ്പിയും മലയാളിയുടെ മനസ്സിൽ അന്ന് സന്തോഷം നൽകിയിരുന്നു. ഇന്നത്തെ കാലം തെറ്റി വരുന്ന മഴ പോലും ഓണാഘോഷങ്ങളെ മാറ്റി മറിക്കുന്നു.

കാലം മാറുന്നതിനനുസരിച്ച് ആഘോഷങ്ങൾക്ക് പരിണാമങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും ഓണം എന്നും മലയാളിക്ക് ഹരമാണ്. ലോകത്തിന്റെ ഏത് കോണിലായാലും മലയാളി ഓണം ആഘോഷിച്ചിരിക്കും. ഓരോ ഓണവും ഒരു മധുര പ്രതീക്ഷ തന്നെയാണ്!

ലത മേനോൻ
മലയാളം മിഷൻ അധ്യാപിക
ഗുജറാത്ത് ചാപ്റ്റർ
ഗോത്രി, ബറോഡ

## എന്റെ പൂവ്



പൂവേ! പൂവേ! പുന്നാരികുട്ടി
തേനിന്റെ മണമുള്ള സുന്ദരികുട്ടി
മുറ്റത്തെ ഓരത്ത് മൊട്ടിട്ട് നിൽപൂ
കാറ്റിന്റെ ഓളത്തിൽ ചാഞ്ചാടി നിൽപൂ

മുത്തേ! മുത്തേ! ചങ്ങാതികുട്ടീ
സ്നേഹത്തിൻ മണമുള്ള ചക്കരക്കുട്ടി
എന്നും എന്നെ നോക്കി, നീ ഉണരുകിൽ
എന്നും നിന്നെ നോക്കി, ഞാൻ ഉറങ്ങുകിൽ

നമ്മളെന്നും ഉമ്മറമുറ്റത്ത്
നമ്മളെന്നും അമ്പലമുറ്റത്ത്
ഒന്നൊരുമിച്ച് നടക്കേണമെപ്പോഴും
ഒന്നൊരുമിച്ച് കളിക്കേണമെപ്പോഴും.

ഐശ്വര്യ ആർ. നായർ
സൂര്യകാന്തി, മകാർപുര,
ബറോഡ.



വര: പി ഒ അനയ്
കണിക്കൊന്ന

# കാലാങ്കിക്കുന്ന്

കഥ

*ഉണ്ണികൃഷ്ണൻ എം കെ: ചെറുകഥാകൃത്ത്, ചലച്ചിത്രഗാന രചയിതാവ്. കെ വി സുധാകരൻ സ്മാരക ചെറുകഥാ അവാർഡ്, വിദ്യാരംഗം സംസ്ഥാന തിരക്കഥാ അവാർഡ്, സനീഷ് സ്മാരക യുവകലാസാഹിതി, ദുബായ് ഏർപ്പെടുത്തിയ ചെറുകഥ അവാർഡ് എന്നിവ നേടിയിട്ടുണ്ട്. ഭുജിലെ നഖത്രാണയിലും പിന്നീട് കേരള പോലീസിലും ജോലി ചെയ്ത ശേഷം ഇപ്പോൾ കണ്ണൂരിൽ അധ്യാപകനാണ്.*

കാലാങ്കിക്കുന്നിന്റെ തെക്കേ ചെരുവിൽ കനത്ത മുഴക്കത്തോടെ വെടിപൊട്ടി. കരിമരുന്നും കരിമ്പാറത്തരികളും ചേർന്ന് മാനത്ത് കറുപ്പും വെളുപ്പും പുകമേഘം നിറച്ചു. കിഴക്കേ ചെരിവിൽ കർണാടക വനത്തിലേക്ക് ചാഞ്ഞു നിന്ന കരിവേങ്ങയുടെ നീട്ടിപ്പിടിച്ച ചില്ലയിൽ ഇണയോട് ചേർന്നിരുന്ന് പ്രണയം പറഞ്ഞിരുന്ന സിംഹവാലൻ
പിടിവിട്ട് ഒറ്റക്കൈയിൽ ഞാന്നു. പ്രണയിനി അപ്പോഴേക്കും ഏറെ അകലെയല്ലാത്ത ഉണങ്ങി നിന്ന മരുതിലേക്ക് ചാടി പിടിച്ചിരുന്നു. നിക്കോളാസിന്റെ വീട്ടു ചുമരിൽ തറച്ച മുൾക്കിരീടം തലയിലേന്തിയ യേശുവിന്റെ ചിത്രത്തിന് അടിയിൽ നിന്നും മൺതരി അടർന്നു ഇറയപ്പടിയിൽ വീണു. കരിങ്കൽ ക്വാറിയിലെ
വെടിവിറയലിൽ കാലാങ്കിക്കുന്ന് ആകെയൊന്നു വിറച്ചു നിന്നു. നാൻസിയെ കിടത്തിയ നിലംപറ്റെ നനഞ്ഞൊട്ടിയ തുണി വലിച്ചു മാറ്റാൻ പാടുപെട്ട് മാർത്താമ്മ വറീതപ്പനെ വല്ലാണ്ട് പ്രാകി. "കുടിയും കെടപ്പും കഴിഞ്ഞേച്ച് ഏന്നേറ്റങ്ങ് പോയാ മതീല്ലോ. ബാക്കീള്ളതുങ്ങള് എങ്ങനെ പെഴക്കൂന്നുന്നോ മറ്റോ നോക്കണ്ടാലോ".

"എടാ റീത്താൻറിയോട് ഒന്നിങ്ങോട്ടു വരാൻ പറഞ്ഞേ."
നിക്കോളാസ് എന്ന രണ്ടാം ക്ലാസുകാരൻ അപ്പോൾ

മൺചുമരിലോട്ടു തന്നെ നോക്കിയിരുക്കുകയായിരുന്നു. തലേന്നു രാത്രി ചിമ്മിനി വെട്ടത്തിലേക്കു പാറി വന്ന ഒരു നിശാശലഭം പകൽവെട്ടത്തിൽ കണ്ണു കാണാതെ വലഞ്ഞിരിപ്പുണ്ട്. ഇച്ചേച്ചിയും അതിനെ തന്നെ നോക്കുന്നത് നിക്കോളാസ് കണ്ടു. "ഒന്നോടി പോയേച്ചുവാടാ...." തന്നോട് തന്നെയാണോ പറഞ്ഞത് എന്ന് സംശയിച്ച് നിന്ന നിക്കോളാസിനെ ആദ്യം ഒന്ന് രൂക്ഷമായും പിന്നെ മയപ്പെടുത്തിയും മാർത്ത നോക്കി.
"പോയേച്ചും വാ മോനെ "
അലിവു ചേർത്ത അഭ്യർത്ഥന നിക്കോളാസിനെ അയൽ പക്കത്തേക്ക് ഓടിച്ചു.
കാലാങ്കി കുന്നിന്റെ പടിഞ്ഞാറെ ചെരിവ് തുടങ്ങുന്നിടത്താണ്

നിക്കോളാസിന്റെ വീട് . അവിടുന്നും ചെരിവിലൂടെ കുറച്ചുകൂടി ഇറങ്ങി നടന്നാലേ റീത്തയും കുര്യാച്ചനും താമസിക്കുന്ന ആസ്ബസ്റ്റോസ് കെട്ടിടത്തിന് അടുത്തെത്തുകയുള്ളു. അതിനും കുറെ ഇങ്ങേപുറം ഒരു ഉരുളൻ പാറയുണ്ട്. നിക്കോളാസ് അതിൽ കയറി ഉറക്കെ വിളിച്ചു.
" റീത്താന്റീ....റീത്താന്റീ...."

" എന്നതാടാ കൊച്ചനേ...."
താഴെ നിന്നും റീത്ത വിളികേട്ടു.
" ഇച്ചേച്ചി മുള്ളീന്നാ തോന്നണേ.."

" ഞാനിപ്പം വരാം......."
പറഞ്ഞു തീരുന്നതിനു മുന്നേ റീത്ത നിക്കോളാസിന്റെ നിക്കറിടാത്ത ചന്തിക്കൊരു തട്ടും കൊടുത്ത് കേറി പോന്നു. താഴെ നിന്നും ഇത്രേം വേഗത്തിൽ കേറി വരാൻ റീത്താന്റിയുടെ ഇടിമുട്ടനു പോലും പറ്റത്തില്ലല്ലോന്ന് നിക്കോളാസ് ഓർത്തു.
നിക്കോളാസിന്റെ ചേച്ചി നാൻസി ജനിച്ചപ്പോഴേ നല്ല തൂക്കമായിരുന്നു . പതിമൂന്നു കൊല്ലം നിലത്ത് തന്നെ കിടന്നു. കിടന്നു വീർത്ത നാൻസി ചേച്ചിയെ എടുത്തു പൊക്കാൻ മാർത്തയ്ക്ക് ഒറ്റയ്ക്കു പററാതായിട്ട് കൊല്ലം അഞ്ചാറായി. ദിവസത്തിൽ രണ്ടു മൂന്നു തവണ കിടന്നകിടപ്പിൽ തന്നെ മൂത്രം ഒഴിക്കും. തൂറുകേം ചെയ്യും. ഒന്നു മാറ്റിക്കിടത്തി നനവു മാറ്റി ഉണങ്ങിയ
കൈലിമുണ്ടു വിരിച്ചിടണമെങ്കിൽ സഹായിക്കാൻ ഒരാൾ കൂടി വേണം. റീത്താന്റിയും മാർത്താമ്മയും കൂടി ചേച്ചിയെ ചെരിച്ചു കിടത്തി




ചുവന്ന അടിയുടുപ്പ് മാറ്റാൻ തുടങ്ങിയപ്പോൾ നിക്കോളാസ് പുറത്തിറങ്ങി. ദൂരെ ഒരിക്കൽ കൂടി വെടിപൊട്ടി. ചെറിയ വിറയലോടെ കാലാങ്കി കുന്നിലേക്ക് ഇരുട്ടിന്റെ കനത്ത മുരൾച്ച കേറി വരാൻ തുടങ്ങി. വിറച്ചു വിറച്ച് താഴേക്കു വെള്ളിനുരയിട്ട ഒരു നീർച്ചാലിനെ ഇരുട്ട് ഒളിപ്പിച്ചപ്പോൾ നിക്കോളാസ് അകത്തേക്കു തന്നെ കയറി.
നാൻസിയെ കുറച്ചു ശീലങ്ങളൊക്കെ പഠിപ്പിക്കാൻ എല്ലാ ബുധനാഴ്ചയും ഒരു ടീച്ചർ വരും. ടീച്ചറുടെ വീട് അങ്ങ് ദൂരെ മാട്ടറയും ഉളിക്കലും ഒക്കെ കഴിഞ്ഞു താഴത്തെങ്ങോ ആണെന്ന് നിക്കോളാസിന് അറിയാം. ടീച്ചർ വരുമ്പോൾ നാൻസിക്ക് ഉടുക്കാൻ കുറേ അടിയുടുപ്പ് കൊണ്ടു വരും. അതാണ് നാൻസിയെ ഉടുപ്പിക്കാറ്.

ടീച്ചറുടെ മുഖത്ത് തന്നെ നോക്കിയിരുന്ന് നാൻസി ചിരിക്കുന്ന പോലെ ചുണ്ടുകൾ വിടർത്തും. അത് കാണുമ്പോൾ മാർത്തയ്ക്കും നിക്കോളാസിനും ഒരു പ്രതീക്ഷ കേറി വരും. എന്നാൽ അടുത്ത നിമിഷം തന്നെ ആർക്കും തിരിയാത്ത വാക്കുകളോടെ ഒച്ചയിൽ കൂവി വിളിക്കും. അത് കേൾക്കുമ്പോൾ നിക്കോളാസിന് ഭയമാകും. മാർത്തയ്ക്ക് എന്തെന്നില്ലാത്ത കനം നിറയും. എന്നതായാലും ടീച്ചർ വരാൻ തുടങ്ങിയേ പിന്നെ നാൻസി ഏതാണ്ടൊക്കെ പറയാൻ നോക്കുന്നുണ്ട്. തക്കാളിയും പേനയുമൊക്കെ കാണിച്ച് ചോദിക്കുമ്പോൾ ചിലത് പറയും. നിക്കോളാസിന് ഒന്നും തിരിയില്ലെങ്കിലും ടീച്ചർക്കും മാത്താമ്മയ്ക്കും ചിലത് തിരിയുന്നുണ്ടെന്ന് അവരുടെ മുഖത്തു നിന്നും നിക്കോളാസിനു മനസ്സിലാകും.



ചിത്രീകരണം: സരീഷ് വടക്കിനിയിൽ

വറീതപ്പനാണ് നിക്കോളാസിനെ ആദ്യമായി കാലാങ്കികുന്നിന്റെ കിഴക്കേച്ചെരിവിൽ കൊണ്ടുപോയത്. അവിടെ നിന്നും നോക്കിയാൽ കാണുന്നത് കർണാടക കാടാണ്. താഴോട്ട് നോക്കുമ്പോൾ നിക്കോളാസിന് പേടിയാകും. എന്നാലും താഴെ ഇരുണ്ടു കിടക്കുന്ന മരത്തലപ്പുകളിലേക്ക് മുട്ടിയുരുമ്മി ലയിക്കുന്ന മഞ്ഞു മേഘങ്ങളെ അവന് ഇഷ്ടമാണ്. അങ്ങനെയുള്ള ഒരു ദിനം രണ്ടു മൂന്നു പൊലീസുകാർ വന്നു. വറീതപ്പനോട് ദേഷ്യത്തിൽ ചിലതു ചോദിച്ചു.

"കൊച്ച് ഒപ്പം ഇല്ലാരുന്നേ നിന്നെക്കൊണ്ട് ഞങ്ങള് പറയിപ്പിച്ചേനെ " എന്നും പറഞ്ഞ് അവര് ചവിട്ടിക്കുത്തി പോയി. തിരികെ വരുന്ന വഴി വറീതപ്പൻ എന്തോ കൊച്ചു നിക്കോളാസിന്റെ നിക്കർ പോക്കറ്റിൽ ഒളിപ്പിച്ചു വച്ചു. വീട്ടിലേക്ക് വറീത് എപ്പോഴാ വരുന്നേന്നും വീട്ടീന്ന് എപ്പഴാ പോകുന്നേന്നും നിക്കോളോസ് കാണാറില്ല. മിക്കവാറും കണ്ടാൽ തന്നെ നിക്കോളാസിനോട് ഒന്നും പറയാൻ അയാൾ നിൽക്കാറില്ല. പകൽ വീട്ടിൽ ഉണ്ടെങ്കിൽ നിക്കോളാസിനേയും കൂട്ടി കാലാങ്കിക്കുന്നിന്റെ നെറുകയിൽ കേറും. വറീത് അവിടെ വരുന്ന ദിവസം ചില ആളുകൾ കുന്നിനു മുകളിൽ കൂട്ടം ചേർന്ന് നിൽക്കാറുണ്ട്. ഒരു ദിവസം രണ്ടു മൂന്നു പോലീസുകാർ വീട്ടിൽ വന്ന് വറീതിനെ പിടിച്ചു കൊണ്ടു പോയി.

പിന്നെ കുറെ നാൾ കഴിഞ്ഞ് ഒരു പകൽ വറീത് കയറിവരുമ്പോൾ മാർത്ത വീട്ടിലുണ്ടായിരുന്നില്ല അവൾ റേഷൻ വാങ്ങിക്കാൻ പോയ ഒരു ഉച്ച സമയമായിരുന്നു. സാധാരണ വറീത് അങ്ങനെ ഉച്ചയ്ക്ക് വരുന്ന ആളല്ല. വന്നപാടെ കലത്തിൽ നിന്ന് ചോറെടുത്ത് മത്തിക്കറിയും കൂട്ടി ചോറുണ്ടു. പാത്രം അടുപ്പിൻ തട്ടിൽ കഴുകി കമിഴ്ത്തിവെച്ച. എന്റെ മോനിങ്ങു വന്നേന്നും പറഞ്ഞ് നിക്കോളാസിനെ എടുത്ത് മടിയിലിരുത്തി. ഒരു മുട്ടായി എടുത്തു കൊടുത്തു.മോൻ പോയി കളിച്ചോന്നും പറഞ്ഞ് തലയിൽ തലോടി. മുട്ടായി വാങ്ങി നിക്കോളാസ് ചേച്ചിയെ നോക്കി.

" ചേച്ചിക്ക് ഞാൻ കൊടുത്തോളാം പോയി കളിച്ചോ ."

വറീത് നിക്കോളാസിനെ പുറത്തേക്ക് വിട്ടു .

ഇത്തിരി നേരം കഴിഞ്ഞ് കളി മടുത്ത നിക്കോളാസ് അകത്തേക്ക് തന്നെ വന്നു. അപ്പോൾ വറീത് ഉടുതുണി ഒന്നുമില്ലാതെ നാൻസിയുടെ മേലെ ആയിരുന്നു. നാൻസിക്ക് ശ്വാസം മുട്ടുന്നതു കണ്ട് നിക്കോളാസ് വറീതിനെ വലിച്ചു താഴേക്കിടാൻ നോക്കി. വറീത് നിക്കോളാസിനെ തട്ടിമാറ്റി ലുങ്കിയുടുത്ത് എഴുന്നേറ്റുപോയി. നിക്കോളാസ് പുതപ്പെടുത്ത് ശരിയാക്കി വിറച്ചു കൊണ്ടിരുന്ന ചേച്ചിയുടെ അടുത്ത് ചേർന്നു കിടന്നു. ചേച്ചി ശ്വാസം നേരെയാക്കി.

മാർത്ത വന്നപ്പോ വറീതിനോട് കയർത്തു.

“എനിക്കിനി വയ്യ ഇങ്ങനെ വലിച്ചു വലിച്ചു പോകാൻ ."

വറീത് ഒന്നും പറയാതെ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോയി.

പിന്നെ കുറെ നാൾ കഴിഞ്ഞ് ഒരു രാത്രി അമ്മ കരയുന്നത് കേട്ടാണ് നിക്കോളാസ് ഉണർന്നത്. വറീത് മാർത്തയുടെ മുടിക്ക് പിടിച്ച് ആവർത്തിച്ച് ഇടിച്ചു. പിറ്റേന്ന് മാർത്ത റീത്തയുടെ അടുത്ത് ചെന്ന് കരയുകേം പറയുകേം ചെയ്തു.

" നീ എന്നാത്തിനാ ഇങ്ങനെ സഹിക്കുന്നേ. അവന്റെ ഇടിയും തൊഴിയും വാങ്ങിക്കുന്നേ. ഇതിനും ആ വയ്യാത്ത കൊച്ചിനും വല്ലതും തിന്നാൻ കൊടുത്തിട്ടാണെങ്കീ വേണ്ടില്ല." നിക്കോളാസിനെ ചേർത്തു പിടിച്ചു കൊണ്ട് റീത്ത പറഞ്ഞു.

" എനിക്ക് മേലാ ഇനി ഈ ചെറുതിന്റെ ജീവിതം കൂടി എന്താകുമോ എന്തോ."

മാർത്തയുടെ കണ്ണീരുപ്പ് വായിൽ അലിഞ്ഞു.

" ഞാൻ ഒരു കാര്യം പറയട്ടെ."

റീത്ത മാർത്തയോട് അടുത്തു വന്നു.

" ഈ കൊച്ചിന്റെ നല്ല ഭാവിക്ക് അതാ നല്ലത്. ചെറുപുഴേല് ബ്രദറുമാരു നോക്കുന്ന ഒരു പാഠശാലയുണ്ട്. ദേവാലയത്തോട് ചേർന്ന്. അവിടെ കൊച്ചിനെ ചേർത്താ പിന്നെ അതിന്റെ പഠിപ്പ് അങ്ങ് നടന്നു പോകും."

മാർത്തയ്ക്കും അത് നല്ലതാന്ന് തോന്നി.
" പിന്നെ ഒരു കാര്യമുണ്ട് എപ്പഴും എപ്പഴും കൊച്ചിനെ കാണാനൊക്കത്തില്ല. ആണ്ടിലൊന്നോ രണ്ടോ മാത്രം."
അത് മാർത്തയ്ക്ക് ഉൾക്കൊള്ളാനാവാത്ത വേദനയായിരുന്നു. എന്നാലും നിക്കോളാസിന് അങ്ങനെയൊരു മെച്ചപ്പെട്ട ജീവിതം ഉണ്ടാകുന്നേല് അതുപോലെ വരട്ടെ എന്ന് മാർത്ത ചിന്തിച്ചു.
വറീത് പോയ്ക്കഴിഞ്ഞപ്പോൾ മാർത്ത നിക്കോളാസിനെ അലക്കി ഉണങ്ങിയ ഒരു ഉടുപ്പ് ഇടീച്ചു. മാട്ടറ പള്ളിയിൽ പെരുന്നാളിന് പോകുമ്പോൾ മാത്രമേ നിക്കോളാസിന് ഉടുപ്പ് ഇട്ട് കൊടുക്കാറുള്ളൂ. ഉടുപ്പിന്റെ വെയിലുണക്കമണം നിക്കോളാസിന് നല്ല ഇഷ്ടമാണ്.
" നാൻസിയെ ഒന്നു നോക്കിയേക്കണേ റീത്താ" ന്നും പറഞ്ഞു മാർത്ത വേഗത്തിൽ ഒരു വോയിൽ സാരി ഉടുത്ത് പുറത്തു വന്നു.
ചെറുപുഴക്ക് നേരിട്ട് ബസ് ഉണ്ടായിരുന്നു. ആദ്യമായിട്ടാണ് നിക്കോളാസ് ബസ്സിൽ കയറുന്നത്. പുറംകാഴ്ചകൾ അവന് അതിയായ ആഹ്ളാദം നൽകി. ഇച്ചേച്ചി വീട്ടിൽ ഒറ്റയ്ക്കാണല്ലോ എന്ന ചിന്ത പെട്ടെന്ന് അവനെ ആശങ്കയിലാക്കി.
" ചേച്ചിക്ക് നടക്കാൻ കഴിയുമാരുന്നേ ഒപ്പം കൂട്ടാര്ന്നു അല്ലേ."
നിക്കോളാസ് മാർത്താമ്മയെ നോക്കി.

മാർത്തയ്ക്ക് ചങ്കിനകത്ത് വലിയ ഭാരം തോന്നി. ബസ് കുത്തനെ ഒരു കുന്നിനെ ചുറ്റി കേറാൻ തുടങ്ങിയപ്പോൾ ആ ഭാരം കൂടുതൽ കനപ്പെട്ടു വരുന്നത് മാർത്ത അറിഞ്ഞു.
ബസ്സിറങ്ങി മാർത്ത നിക്കോളാസിന്റെ കൈയ്യും പിടിച്ച് ദിവ്യകാരുണ്യ ദേവാലയ പാഠശാലയുടെ പടികൾ കയറി.
" മോനിനി കുറച്ചു നാൾ ഇവിടെ നിൽക്കണം ട്ടോ."
നിക്കോളാസിനെ കെട്ടിപ്പിടിച്ചു കൊണ്ട് മാർത്ത കരച്ചിലടക്കി ദിവ്യകാരുണ്യ ദേവാലയ പാഠശാലയിലെ ഇമ്മാനേലപ്പന്റെ കയ്യിൽ നിന്നും പിടി വിടുവിക്കാൻ നോക്കി നിക്കോളാസ് കരഞ്ഞു.
ആവതില്ലാത്ത അത്രയും കനപ്പെട്ട മനസ്സുമായി മാർത്ത തിരിഞ്ഞു നോക്കാതെ കൽപ്പടവുകൾ ഇറങ്ങി.
" എന്നെ കൂടി കൊണ്ടു പോ അമ്മേ..."
കരഞ്ഞു വലിഞ്ഞു നിന്ന നിക്കോളായുടെ തലയിൽ തലോടിക്കൊണ്ട് ഇമ്മാനേലപ്പൻ അവന്റെ നെറുകയിലൊരു മുത്തം നൽകി. ആദ്യമായാണ് ഒരു ആണ് അവന് മുത്തം നൽകുന്നത്.
വാത്സല്യത്തിന്റെ തഴുകലിൽ പിടി വിടുവിക്കാനുള്ള നിക്കോളായുടെ ശ്രമം ചെറുതായി അയഞ്ഞു.

കാലാങ്കി ക്കുന്നിന്റെ ഉച്ചിയിലേക്ക് അപ്പോൾ കേറി വന്ന കറുത്ത മേഘം കനത്തു പെയ്യാൻ തുടങ്ങി.

വളവു തിരിഞ്ഞ് ബസ്സ് വരുന്നതും കാത്ത് മാർത്ത റോഡരികിൽ തളർന്നു നിന്നു.

# എൻ മലനാടേ

വിശ്വനാഥൻ ബറോഡ

അരുവികൾ പനിനീരഭിഷേകത്താൽ,
കുളിരല ചാർത്തിടുമെന്മലനാടേ,
കരളിനു മധുരം കണ്ണിനു കൗതുക
മളവല്ലോതാൻ നിന്മാഹാത്മ്യം.

അലയെഴുമാഴി പടിഞ്ഞാറും ബഹു
മലകൾനിറഞ്ഞ കിഴക്കും നിന്നിൽ,
സുലഭം പലവർണ്ണത്താൽ നീയൊരു
കലയാണനുപമ ഗുണ നിലയം നീ.

നീലവനങ്ങളിലെന്നും സൗരഭ
മോലും ചന്ദനവിടപം തിങ്ങി,
തേനും തേന്മെഴുകും തേനൊഴുകും
സൂനങ്ങളുമായാമലമേടുകൾ,
മാനും പുലിയും
കരടികൾ,ചെന്നായ്
ആനക്കൂട്ടവുമൊരുമിച്ചവിടെ-
ക്കളഗാനങ്ങളുതിർക്കും കോകില
മളവറിയാതൊരു പറവകളും, കൊ
ച്ചരുവികൾ പാറകളിൽപുതു
ചുംബന
മണികൾനിരത്തിക്കുളിരണിയിച്ചും,
തരുവുകളിൽ
തൈത്തെന്നലുണർത്തും,
പരിമളഗന്ധവുമൊത്തുകലർന്നാൽ,
പറവതിനെളുതല്ലമ്മേ നിന്നുടെ,
മഹിമകളാ മലമേടുകൾ തന്നിൽ.
പത്തു വെളുപ്പിനു തൂമ്പയുമേന്തി-
ട്ടദ്ധ്വാനോന്മുഖരാം കർഷകരും,
തൊഴിലാളികളെരി വെയിലും
കാറ്റും,
മഴയുംകൊണ്ടു നിരന്നാവയലുക-
ളൊരു പൊന്നിൻ
കൊയ്ത്തുത്സവമാക്കി,
കരളിനു കുളിരല ചാർത്തും
ദർശന-
മവിടുത്തെ ത്തിരുമുറ്റത്തല്ലാ-
തെവിടുണ്ടുലകിതിലെൻ മലനാടേ!

കായൽച്ചിറകളിലമ്മേ നിന്നുടെ-
ശ്രീകരനാമമൊതുങ്ങി കാറ്റിൻ,
താലോലത്താലോലച്ചില്ലക-
ളമ്മാനം കൊണ്ടാവേശത്താ-
ലാടിച്ചാടി വിളിച്ചു തിമിർത്തി-
ട്ടാ നിരനിരയായ് നിൽക്കും കേര-
ക്കൂട്ടങ്ങൾതൻ തണലിലൊതുങ്ങി,
പൊട്ടിച്ചിരികളുതിർക്കുംതരിവളയി
ട്ടൊരു കയ്യാൽ തല്ലിയൊരുക്കിയ,
പൊൻനൂലിഴകൾ നിറച്ചൊരു
ചുമടങ്ങുദരത്തിന്നൊരു
ഭൂഷണമാക്കി,
തെരുതെരെയോമൽക്കൈകൾ
ചലിപ്പി
ച്ചൊരു ചെറു പുഞ്ചിരി ചുണ്ടിൽ
വിടർത്തി,
കരളിലൊരിത്തിരി
സ്വപ്നമുണർത്തി-
ക്കരിമിഴികളിലൊരു കവിത
വിളമ്പി
കയറു പിരിക്കും
തരുണീമണികളും,
അവിടുത്തെ തിരുമുറ്റത്തല്ലാ-
തെവിടുണ്ടുലകിതിൽ? എൻ
മലനാടേ...!!!

# ആ കല്യാണം

കഥ

അതൊരു ഒന്നൊന്നര കല്യാണം തന്നെ ആയിരുന്നു. ആദ്യം, നിറപറയുടെയും നിലവിളക്കിന്ടെയും വായ്ക്കുരവയുടെയും അകമ്പടിയോടെ അമ്പലത്തിൽ കല്യാണം, പിന്നെ ഇടവകപ്പള്ളിയിൽ മിന്നുകെട്ട്, ന്നിട്ടോ ആമിനാ ഹോട്ടലിൽ റിസപ്ഷനും.

ഗോപേട്ടൻ കൗണ്ടറിൽ ച്ചെന്ന് ച്ചൂടാകയാണ്. ങ്ങടടുത്ത് നേരത്തേ പറഞ്ഞീരുന്നില്ലേ ഡെക്കറേഷനെപ്പറ്റി, നിപ്പോ ന്താ ചെയ്ക? ന്ത് പറഞ്ഞാലും മനസ്സിലാവാത്ത കൂട്ടങ്ങള്. കൗണ്ടറിലിരിക്കുന്ന റഷീദ് എന്തോ പറയാൻ തുടങ്ങിയെങ്കിലും സുകുവേട്ടനപ്പോഴേക്കും ഓടിവന്നു പറഞ്ഞു, ന്റെ പൊന്നിഷ്ടാ, ങ്ങളെന്തിനാ ഇങ്ങനെ ബേജറാവുന്നത് ഞാനില്ലേവ്ടെ. ങ്ങടെ മോടെ കല്യാണം ഗംഭീരാക്കീട്ടേ ഞാനിന്ന് ഉണ്ണുന്നുള്ളൂന്നേ.

അപ്പോഴേക്കും ചെക്കന്റപ്പൻ ജോയിച്ചായൻ നല്ല അടിപൊളി മമ്മുക്ക സ്റ്റൈലിൽ വന്ന് പറഞ്ഞു, ങ്ങളാരും ബേജാറാവണ്ടാ, ഞാനിന്നലെത്തന്നെ ബ്ടെ ഒന്ന് കറങ്ങി ന്തേലും കുറവുണ്ടോന്ന് നോക്കി ആ കൗണ്ടറിലിരിക്കുന്ന ബഷീറിനോടെല്ലാം പറഞ്ഞേപ്പിച്ചിരുന്നു.ഓനെല്ലാ എക്സ്ട്റാ അറേഞ്ജ്മെന്ടും ചെയ്തോളും. ആ വകയും കൂടികൂട്ടി ങ്ങള് ന്റെ അക്കൗണ്ടിൽ ട്ടോളിൻ. ജോയിച്ചായൻ എല്ലാവരോടും കൊച്ചു വർത്തമാന വുമൊക്കെയായി നടന്നു നീങ്ങി.

ആ തിരക്കിനിടയിലും നന്ദേട്ടൻ ആരെയോ ന്തിനേയോ തിരയുന്നത്പോലെ അവിടെ മൊത്തം ഒന്ന് കണ്ണോടിച്ചു. ആ മുഖത്തെ തിളക്കത്തീന്ന് അറിയാം ഒരു കവിതക്കുള്ള അക്ഷരങ്ങൾ നിരത്തുകയാണാ മനസ്സിലെന്ന്.

സാജൻ ആകെ വിയർപ്പിൽകുളിച്ചാണാ വിവാഹത്തിനെത്തിയത്. ങ്ങനേലും പണ്ടാരൊംന്ന് കഴിഞ്ഞ്കിട്ട്യാമതിയെന്നുള്ള വിചാരത്തിലാണിഷ്ഠൻ. കീർത്തനയാണ് സാജനെ PhD യ്ക്കുള്ള എല്ലാ പ്രബന്ധങ്ങളിലും സഹായിക്കുന്നത്. അതിനാൽ മാത്രം വന്നതാണ്. തിപ്പോ ടൈം വേസ്റ്റ് ആന്റ് മണി വേസ്റ്റ്.

അപ്പോഴാണ് ഒറ്റക്കൊരു മൂലയിൽ ഒതുങ്ങിക്കൂടീരിക്കുണ കീർത്തനയുടെ ചങ്ങാതി ജമീലെക്കണ്ടത്. കീർത്തനേടമ്മ രാധികേച്ചി സന്തോഷത്തോടാക്കുട്ട്യോട് ചോദിച്ചു, ന്തേ കുട്ടീ പ്പഴാണോ വന്നേ? അതേച്ചീ ത്തിരി നേരത്തേ എറങ്ങ്യെങ്കിലും നിഷ മ്മ്ണി

വൈകി. ക്കാണെങ്കി ഒറ്റക്കെങ്ങും പോവാനും വയ്യ. നിഷ ബടെവരെ വന്ന്തും അടിപൊളി ക്കൂട്ടങ്ങളെ തിരക്കി പോകേം ചെയ്തു.
ദേ അവർ വരുന്നു! വധു കീർത്തനയുടെം വരൻ ലിജോയുടെം അടിച്ചുപൊളി കുട്ടുകാർ. ഗോപ്യേ ട്ടനാണെങ്കിൽ അവരുടെ വരവും ബഹളോന്നങ്ങട് രസിക്കണില്ലാ. പക്ഷേങ്കി ആ മലർവാടിക്കൂട്ടങ്ങളുണ്ടോത് വല്ലോം നോക്കണ്. അവർ ലൗഡ് സ്പീക്കറിന്ടെ സൗണ്ട്

മാക്സിമത്തിലാക്കീട്ട് അതിനൊത്ത് പാട്ടും ഡാൻസും ഒക്ക്യായിട്ടാകെ ഒരു ബഹളമയമാക്കീന്നേണം പറയാൻ. ഈ ഡാൻസും പാട്ടും ബഹളോക്കെ ക്കണ്ടിട്ട് കാഴ്ച്ച ക്കാർക്ക് പലർക്കും പ്രായമൊക്കെ മറന്ന് ലാലേട്ടൻ സ്റ്റൈലിൽ ഒന്ന് കൂട്യാലോന്നൊരു മോഹം.

കീർത്തനയുടെ വല്യമ്മാമ രവ്യേട്ടൻ സുരേഷ്ഗോപി സ്റ്റൈലിൽ മസിലൊക്കെ കാട്ടി സിൽക്ക് ജുബ്ബയിൽ കസറുകയാണ്, ബടെ ഞാൻ പറയുന്നോണേല്ലാം നടക്കൂട്ടോ. സ്പീക്കറിന്ടെ സൗണ്ടെല്ലാം കുറപ്പിച്ച് ആ മലർവാടിക്കൂട്ടങ്ങളേയും കുറച്ചൊന്ന് ശാസിച്ച്, ആൾ
നിന്ന് ഷൈൻ ചെയ്യ്വാണ്.

പക്ഷേ, കീർത്തനയുടെ സ്നേഹനിധിയായ അമ്മ രാധികക്കതൊന്നും കൂടുതൽ നേരം കണ്ട് നിൽക്കാനായില്ല. രാധികേച്ചി ഇളയ സഹോദരൻ മുരള്യേട്ടനേം വിളിച്ച് എല്ലാരേം കണ്ടോന്ന് പറഞ്ഞ് എത്താണ്ടൊരു പരുവത്തിൽ വഞ്ചി കരക്കടുപ്പിച്ചു.

സ്റ്റേജിൽ, ആ കുഞ്ഞാറ്റക്കിളികൾ പാട്ടും ഡാൻസും ബഹളവുമൊക്ക്യായിട്ടാർത്തു തകർക്ക്യാണ്. ഫുഡ് കൗണ്ടറുകളിലും അവനവനിഷ്ടമുള്ള ഭക്ഷണമെടുത്ത് രുചിയോടെ ആസ്വദിച്ച് കഴിക്ക്യാണെല്ലാരും.
എല്ലാം അതിന്റെ അടുക്കോടും ചിട്ടയോടും കൂടി സന്തോഷത്തോടും സമാധാനത്തോടും കൂടി നടക്കുന്നു.

സത്യത്തിൽ ഇതെല്ലാം കണ്ടിട്ടിവിടെയല്ലേ ഓണവും വിഷുവും ക്യസ്തുമസും റംസാനും എല്ലാം എന്ന് തോന്നിപ്പോയി. ഈ സാഹോദര്യം നമുക്ക് നിലനിർത്താനാകട്ടെ എന്ന് ആത്മാർത്ഥമായും പ്രാർത്ഥിക്കുന്നു.
ഈ വിവാഹത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി നമസ്കാരം
ലോകാ സമസ്താ സുഖിനോ ഭവന്തു.

**- പത്മിനി ആർ പിള്ള**




വര: അനുരാഗ് പി. ഒ.

# മറക്കാനാകാത്ത തിരുവോണനാൾ

*കഥ*

മൂന്നാം ക്ലാസ്സിലെ ഓണപരീക്ഷ കഴിഞ്ഞു ഇനി 10 ദിവസത്തെ അവധി ഉണ്ട് കൂട്ടുകാരുമൊത്ത് ഓടിയും ചാടിയും കളിച്ചു നടക്കണം എന്ന് ഓർത്തു ഊഞ്ഞാലിൽ ഇരുന്ന് ആടുന്ന സമയത്ത് ആണ് പോസ്റ്റ്മാൻ ഒരു കത്തുമായി വന്നത്. കത്തുവായിച്ച അമ്മ എന്നെ വിളിച്ച് ഡാ ഓണത്തിന്റെ അന്ന് അച്ഛൻ വരും പെട്ടന്ന് മനസ്സിൽ ഒരുപാട് സന്തോഷം നിറഞ്ഞു പുത്തൻ ഉടുപ്പും നിക്കറും ഒക്കെ കൊണ്ടുവരുമല്ലോ കഴിഞ്ഞ വർഷം ഓണത്തിന് വന്നിട്ട് പോയതാണ് അച്ഛൻ വന്നിട്ട് സൈക്കിൾ വാങ്ങിച്ചു തരാം എന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ മാവേലിയേലും അച്ഛനെയും വരെവേൽക്കാൻ ഞാനും അമ്മയും കാത്തിരുന്നു. അവധി ആയതുകൊണ്ട് ആവാം ദിവസങ്ങൾ പെട്ടന്ന് പോകുന്നത് പോലെ തോന്നി സ്കൂളിൽ പോകുമ്പോൾ ഒരു ദിവസം പോകാൻ എന്ത് പാടാണ്. ഉത്രാട ദിവസം അമ്മ ഉപ്പേരി ഉണ്ടാക്കുകയാണ് ഞാൻ ഇടയ്ക്ക് പോയിവാരി തിന്നുകൊണ്ടേ ഇരിന്നു. നാളെ ഓണം ആണ് അച്ഛനും വരും ഇന്ന് തന്നെ കുറേ പണികൾ ഒക്കെ ഒതുക്കണം എന്ന് ഇടയ്ക്ക് ഒക്കെ അമ്മ പറയുന്നും ഉണ്ട്. പായസം അച്ഛനും എനിക്കും ഒരുപാട് ഇഷ്ട്ടം ആണ് അതുകൊണ്ട് വേറെ എന്ത് ഇല്ലേലും നാളെ പായസം ഉറപ്പായും കാണും. അങ്ങനെ തിരുവോണ ദിവസം വന്നെത്തി അമ്മ അടുക്കളയിൽ നല്ല തിരക്കിൽ ഞാൻ അച്ഛൻ എപ്പോൾ വരും എന്നിട്ട് അച്ഛനെ കെട്ടിപിടിച്ചു ഒരുപാട് ഉമ്മ കൊടുക്കണം എന്നൊക്കെ വിചാരിച്ചു അങ്ങനെ ഇരുന്നു പെട്ടന്ന് മാമനും മാമിയും ഓടി വന്നു അമ്മയോട് എന്തൊക്കയോ പറഞ്ഞു അമ്മ കരഞ്ഞു മുറിക്കു ഉള്ളിലേക്ക് പോയി മാമൻ എന്ന് അപ്പുറത്തെ വീട്ടിൽ കൊണ്ടുപോയി അതിന്റെ കുറച്ചു കഴിഞ്ഞപ്പോൾ കുറേ ചേട്ടന്മാർ വന്നു വീടിന്റെ മുറ്റത്തു നീല ടാർപ്പ കെട്ടുന്നു ഇനി ഓണ സദ്യ കഴിക്കാൻ ആണോ എന്ന് ഞാൻ ചിന്തിച്ചു പെട്ടന്ന് ഒരു ആംബുലൻസ് വീടിന്റെ മുറ്റത്തു വന്നു നിന്നു അമ്മ ഉറക്കെ കരഞ്ഞുകൊണ്ട് വണ്ടിയുടെ അടുത്തേക്ക് ഓടിപ്പോകുന്നത് ഞാൻ കണ്ടു കുറേ പേര് ചേർന്ന് അച്ഛനെ കൊണ്ടുവന്നു വീടിന്റെ മുമ്പിൽ കിടത്തി ഞാൻ ഓടിച്ചന്നു അച്ഛനെ കെട്ടിപിടിച്ചു ഉമ്മ കൊടുത്തു അച്ഛൻ ഉറക്കമാണോ അനങ്ങുന്നില്ല അപ്പോഴും ഞാൻ അറിഞ്ഞിരുന്നില്ല അച്ഛൻ ഒരിക്കലും എന്നെ ഇനി കെട്ടിപിടിക്കില്ല എന്ന്.....

അരുൺ

## A King Without A Crown

*The hero, the man, first love he was,*
*He loved me forever and ever because,*
*The water kept flowing, the earth kept twirling,*
*The picture of us was perfect as dusk.*

*He was my best friend, was my first ever date,*
*He bought me candies, and his lap was my place,*
*That moustache, those eyes, And that smile on his face,*
*Is what made me who I'm with all the grace.*

*Fears, scars, bad dreams things bad he had none,*
*He was just the handsome, the smartest and fun.*
*It was my father who trust me no matter what,*
*Cause he knows I'll always be his brat whatnot.*

*He is called father, daddy, or Mr Bing*
*I'm his little princess thus he's my king,*
*He bought me a Barbie doll and my first gown,*
*Thus he remains my king without a crown*

**Ashima Anil**

---

On my 70th birthday on Thiruvonam, me and my beloved wife Mrs. Pankajavalli S Nair wish you all a Very Happy Onathiruvonam. M Sambhudevan Nair , Samta Society , Baroda.








വര: സനുഷ എസ്. പിള്ള

പതിമൂന്നാം ചരമവാർഷികം (15 -10-2022)



കനകമ്മ എസ് പിള്ള
വേർപാടിൻറെ ഓർമകളുമായി സന്തപ്ത കുടുംബാംഗങ്ങൾ
ശശി പിള്ള, സുധ, അരുൺ, ജ്യോത്സ്ന, അഞ്ജലി, രാഹുൽ, മറ്റു ബന്ധുമിത്രാദികൾ

പെൻസിൽ സ്കെച്ച്







കളർ പെൻസിൽ

**ഗീതു ഗോപിനാഥ്**

**COMEDY WITH COVID-19**

Wait! Before you think I took COVID-19 lightly, stop right there! COVID-19 is no comedy at all. We should call it COVID -19-20-21-22 and God knows how many more years until we start referring to it as "common cold". Do not mistake me, I am just saying that we should all just pray and make ourselves so immune and resilient to COVID that we pay only so much heed to it as we pay to common flu/cold.

Coming back to my topic - my experience with this monster disease is quite different and quite fun, when I think of it now. If my maths is right, currently we're going through the 4th wave (loosing count of the waves already). Thankfully, I've been immune to this disease inspite of being totally and entirely exposed to it - not once but TWICE! I took RTPCR tests 4 times since 2020 - once in the second wave, once in the third wave and twice in the fourth wave which is going on since a couple of months now. Each time I took the test, I believed that I was positive and prayed to get a negative report - as my dad always says, "Be negative in COVID so that you can always be positive in life".


My first test was a mandatory travel requirement . I was traveling from Kerala to Gujarat and there were guidelines that all travellers to Gujarat from Kerala/Maharashtra had to show a negative report on arrival at the airport or they will be tested on arrival. My mind pondered, "I have to go home" as I was locked out due to travel restrictions and was badly missing home. My other mind pondered too, "What if I'm positive", "What I get locked up here for another 2 weeks", "What if I become a trouble to all my relatives here" and it went on. But obviously, I had to get tested. As the day of the test was nearing, I got all the symptoms (read: psychological symptoms). My mind was already sick. However, I had to go home and so I paid a whopping 1500/- rupees for the test and when the man came and took my sample, my eyes looked up and requested the person sitting over all of us - ഈ കാര്യത്തിൽ NEGATIVE ആവണേ. At that time, because of so many cases in India, each report would take an entire day. So, I spent an entire day panicking and in anxiety. And the next day, I was waiting for the clock to strike 10 in the morning so that I could call up the man and ask him my result. I had never been so desperate for school or graduation result, I swear! Then, I called up the guy. As soon as he answered, the first thing that came out of his mouth - "Madam, report negative ആണ്." I breathed a heavy sigh of relief and thanked him. I thought, "1500/- didn't go waste." The second test was when I came face to face with COVID. My flatmate tested positive and I had been living with her and doing all the chores until then. I was 99% sure I would be positive because I was breathing the same air, inhaling everything that was in the air and touching the same surfaces. I did not have any symptoms though. So there was a 1% chance of being negative. This time, the process of getting tested and waiting for the result didn't freak me out so much because as they say "Experience is the teacher of all things". Although, I was fearful of the result because I was away from home again and this time, in a new city. My mind was asking questions like, who will take care of me? Who will buy the groceries? But thankfully, there were some good hearted people, who

assured me of all the assistance as soon as they got the news about my like, who will take care of me? Who will buy the groceries? But thankfully, there were some good hearted people, who assured me of all the assistance as soon as they got the news about my flatmate. Again, it took an entire day for the result because this was during the third wave - again a peak time. But I was working from home, so I didn't get the opportunity to give a lot of attention to anxiety as my mind was occupied. As soon as the result came out on my WhatsApp, I started packing and left for home. Again, "I had to go home" and I did.

The last two tests were within a span of three weeks in the month of June-July. The first one was in the mid of June. The third wave was setting in and I had just came from Kerala. My company had already set guidelines which included mandatory RTPCR tests for all employees travelling from Kerala/Maharashtra. So I got into self isolation for three days, and on the fourth day, I got tested. The charge was 400/- rupees. This time, I was totally positive about being negative, I really don't know why! And negative it was. The report came on the same day. The next and the last test was again because of an exposure to a colleague infected with COVID. One day, I was up close in a discussion with this senior colleague of mine at office and the next day, I get the news that he is positive. I left the office as soon as I got the news and went into self-isolation. This time, I again had psychological symptoms and it scared me. Next morning, I got myself tested. I was praying and a message popped on my WhatsApp. As I opened it and downloaded the report, my hands were trembling. But again, negative it was! Now when I think of all this, I realise the importance of vaccines, masks and following proper precautions. Sanitizers have become swords in the battlefield that we call "COVID-19". COVID-19 has changed the lives of all the people on this planet. It has given heartbreaks and a lot of pain, but on the flip side, it has also made everyone realise the importance of family. Most importantly, it has brought a revolution in the field of medicine that enabled the development of vaccine in a really short span of time. The doctors, the scientists and the billions of prayers have helped everyone cope with pain and the fear that tags along with this disease. My heart goes out to everyone who lost their closest and nearest ones to this monster disease. I am sure we will be resilient enough, one day!

Stay safe. Wear a mask.


-Nisha Natarajan





---

**ഓണാശംസകളോടെ**
**ചന്ദ്രൻ നായർ & ഫാമിലി**





വര: അനഘ എസ് പിള്ള



വര: തന്മയ ശ്രീനാഥ്

**F E G M A**

**(Academic Activity Wing – IAS Training Program)**

***Federation of Gujarat Malayalee Associations proposes to introduce a comprehensive IAS exam guidance, in association with FAIMA Member Bangalore Kerala Samajam IAS Academy.***

**1. Background:**

FEGMA, in association with Bangalore Kerala Samajam IAS Academy, a member organization of FAIMA, is introducing a Comprehensive guidance program for UPSC Civil Services Examination for all our Members as well as our community at large in Gujarat. The UPSC exam is the first screening for selection to All India Services (IAS and IPS) and 20 Central Services - IFS, IRS, IA&AS, IRTS, etc and the UPSC recommends around 1000 candidates to these services every year. Any graduate from any background is eligible for this exam and can crack it by following a simple and dedicated curriculum and strategy provided by the Academy.

**2. About Bangalore Kerala Samajam IAS Academy:**

The Bangalore Kerala Samajam IAS Academy was founded in 2011 with a focused objective to guide IAS Aspirants in a unique way. Till date, it has helped 140 individuals become civil service officers - in IAS, IFS, IPS etc. through expert training and guidance.

**3. The Salient features that make it stand out are:**

Curriculum design and sessions by Subject Matter Experts i.e. Civil Servants with vast experience in the field.

Expert faculty for each subject - History and Culture, Politics, Economy, Geography, Environment, Science and Technology, Mental Ability, Ethics, Integrity and Aptitude, Current Affairs and for the optional subjects.

Test Series for Prelims and Mains

Individual Guidance and Mentorship.

Special focus on newspaper analysis and writing practice.

**4. Programs offered:**

There are two programs beginning in August 2022 first week as detailed below:

**a) Programme-1:**

Batch for Civil services Examination 2023 for Graduates

15 months' online class - Classes from 6.00 pm to 8:00 pm on weekdays and from 9.00 am to 5 pm on Sundays.

Optional Subjects available: History, Sociology and Public Admin.

**b) Programme-2**

Foundation program for Beginners (students of class XI up to final year of graduation)

One year online program with two hours class (8 am to 10 am) every Sunday.

**4. Program Chief Advisor:**

Mr. P. Gopakumar IRS (Addl. Commissioner- Customs and Indirect Taxes)

**5. Advisory Panel**

Mr. Y. Satyanarayana, Ex IOFS, Former Additional Commissioner (Commercial Taxes), Hyderabad
Mr. M. Tirunmalakumar IRS (Retd), Former Chief Commissioner (Income Tax)
Mr. S. Selvakumar IAS (Karnataka)
Mr. N. Sanjay IPS, ADGP, Andhra Pradesh
Mr. B. D. Paulson IPS, Home Secretary, Uttar Pradesh
Mr. Devender Prasad, Deputy Secretary, Ministry of Personnel and Training.

FEGMA has undertaken this ambitious initiative with the objective of facilitating **diligent and aspiring individuals from our members' families to get into such high profile and prestigious Civil Services, by way of proper guidance at minimal expense through this proven training program.**

Those who are interested in joining any of these courses can register their interest in the link provided here:

**For further clarification/details please contact :**
**Mr Jayakumar Nair 9898436564**
**For Federation of Gujarat Malayalee Associations**
**Dr KM Ramachandran, President**
**B. Shajahan, General Secretary**

---

## KNOW THE FLU

### In competition with covid...

***(Article By Dr. Aishwarya Nair)***

• Swine flu or the H1N1 virus is highlya contagious and can be contracted through coughing, sneezing or even talking to someone infected.

• H1N1 is most severe in children, pregnant women and elderly, along with people with underlying chronic conditions.

• Since January 2022 around 10,000 people were screened for H1N1 virus in India.

• It was declared as a pandemic from April 2009 to 2010 and an estimated 61 million people were infected worldwide, with around 3,00,000 hospitalizations and 15,000 deaths over the course of 1 year.

The H1N1 virus or the more commonly known as "swine flu", is a relatively new strain of the influenza virus, predominantly causing respiratory illness. It originated in pigs but primarily spread from person to person. The symptoms of swine flu are more or less similar to seasonal flu.

How is seasonal flu different from swine flu? How do I know if I contracted common cold or is it H1N1? Are only people who consume pigs at risk of swine flu? When should you consult your doctor?

When it first emerged, swine flu was most common in children 5 years and older and young adults. This was unusual because most flu virus infections are a higher risk for complications in older adults or the very young. Today, risk factors for getting swine flu are the same as for any other strain of the flu. You're most at risk if you spend time in an area with a large number of people who are infected with swine flu. The symptoms of swine flu are very similar to common cold with the affected individual having fever, chills, fatigue, coughing, sore throat and also vomiting and diarrhea. Due to such intricate similarities, it becomes very difficult even for the healthcare provider to distinguish swine flu from seasonal flu. Although a definitive method can be through lab investigations. Just like COVID-19, swine flu can be tested through nose or throat swabs. Just in 15 minutes your laboratory would be able to tell if influenza a or b is detected in the swab.

H1N1 virus is spread in the same way that seasonal flu spreads. You could catch the flu directly from droplets from the cough or sneeze of an infected person, or by touching an object they recently touched, and then touching your eyes, mouth, or nose. People infected with H1N1 become contagious generally one day before showing symptoms and can continue to spread the virus for five to seven days after. Domestic animals such as dogs and cats are also susceptible to the virus due to close contact with humans.

Although the disease usually doesn't run a severe course, it is important to consult your doctor when you experience flu like symptoms especially during an outbreak of the disease. It is estimated that more than half of the deaths caused by the H1N1 were in the Southeast Asian and African regions. An estimated 395,600 people died due to respiratory complications attributed to H1N1 influenza during the first 12 months of the virus's outbreak in 2009.

So can you prevent catching the flu? Fortunately, the answer is YES. The best way to prevent swine flu is to get a yearly flu vaccination. Other easy ways to prevent swine flu include, frequently washing hands with soap, not touching your nose, mouth, or eyes (The virus can survive on surfaces like telephones and tabletops.) and avoiding large gatherings when swine flu is in season.



-Stay healthy
Dr. Aishwarya Nair

# ഫെയ്മ മറുനാടൻ മലയാളി മഹാസമ്മേളനം

പ്രിയരേ,

ഇക്കഴിഞ്ഞ ജൂലൈ 9,10 തിയ്യതികളിൽ, ചെന്നൈയിൽ സെന്റ് തോമസ് ആർട്സ് ആന്റ് സയൻസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മറുനാടൻ മലയാളി മഹാസമ്മേളനം നടക്കുകയുണ്ടായി. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം മലയാളികൾ ഇതിൽ പങ്കെടുത്തു.മലയാളം മിഷൻ പ്രവർത്തകരും സംഘടനാപ്രവർത്തകരുമുൾപ്പെടെ നൂറോളം പേർ ഗുജറാത്തിൽ നിന്നും പങ്കെടുത്തു. അഞ്ചു മലയാളം മിഷൻ പ്രവർത്തകരുൾപ്പെടെ പതിനഞ്ചോളം പേർ ബറോഡയിൽ നിന്നും പങ്കെടുത്തു. സമ്മേളനത്തിൽ അവതരിപ്പിച്ച സാംസ്കാരിക പരിപാടികളായ ദണ്ഡി യാത്ര, തിരുവാതിര, ഒപ്പന, പുള്ളുവൻ പാട്ട് എന്നിവയിൽ ബറോഡ മലയാളം മിഷൻ അദ്ധ്യാപകരുടെ നിറ സാന്നിധ്യം ഉണ്ടായിരുന്നു. ഈ സമ്മേളനത്തിൽ വെച്ച് മലയാളം മിഷൻ അദ്ധ്യാപകരെ ആദരിക്കുകയും ഉണ്ടായി.

സമ്മേളന സ്ഥലത്തു നിന്നുള്ള ചിത്രങ്ങൾ







# ഹൃദയാക്ഷരങ്ങൾ

കഥ

സ്മിത എസ് നായർ
ഉമർഗാവ്

ദീർഘദൂര ബൈക്ക് യാത്ര അവൾക്ക് എന്നും ഹരമായിരുന്നു. എത്ര മുട്ടൻ വഴക്കിനു ശേഷവും അവളെ മയപെടുത്താൻ താൻ എന്നും ഉപയോഗിച്ചിരുന്ന തന്ത്രവും അതുതന്നെയായിരുന്നല്ലോ. നടുറോട്ടിൽ പഞ്ചറായ ബൈക്ക്,റോഡിനരികിലേക്കു കൊണ്ടുപോവാൻ ഗതാഗതക്കുരുക്കിനിടയിൽ പാടുപെടുന്നതിനിടയിൽ ശ്രീക്കുട്ടനോർത്തു.

അക്ഷമരായ യാത്രികരുടെ നിർത്താതെയുള്ള ഹോൺ മുഴക്കം പരിസരബോധമുളവാക്കി. ഏതൊക്കെയോ ലക്ഷ്യ സ്ഥാനത്തേക്ക് എത്തിച്ചേരാൻ തടസ്സം നേരിട്ടതിലുള്ള ആളുകളുടെ മുറുമുറുപ്പുകൾ തീരെ ശ്രദ്ധിച്ചില്ല. വിലകൂടിയ കാറിന്റെ സുഖശീതളിമയിൽ നിന്നും ചില തെറിവാക്കുകൾ കാതടപ്പിച്ചു ചീറിപ്പായുന്നുണ്ടായിരുന്നു.ഭാഷപ്ര യോഗസ്വാതന്ത്ര്യവും, വ്യക്തിസ്വാതന്ത്ര്യവും തന്നിലെ സംസ്കാരബോധത്തെ പ്രകോപിക്കുന്നതിൽ നിന്നും, വിദ്വാന്റെ മൗനവേഗങ്ങളിലേക്കാഴ്ന്നിറങ്ങി. സ്നേഹലതയുടെ വലിഞ്ഞു മുറുകിയ മുഖമായിരുന്നു അപ്പോഴും ശ്രീയിൽ അസ്വസ്ഥത പടർത്തിയിരുന്നത്.

ഒന്നു ചുറ്റിക്കറങ്ങി മനസിന്റെ കലക്കമൊന്നു തെളിയട്ടെയെന്നു കരുതിയിറങ്ങിയതാണ്.

വീടിന്റെ തൊട്ടടുത്തുള്ള ക്ഷേത്രത്തിൽ പോകാതെ, കുറച്ചു അകലെയുള്ള ക്ഷേത്രത്തിലേക്ക് പുറപ്പെട്ടതതുകൊണ്ടാണ്.

മടക്കത്തിൽ ജംഗ്ഷനിലുള്ള പുസ്തക കടയിൽ നിന്നും പുതിയ പുസ്തകങ്ങൾ സമ്മാനമായി നൽകി പുസ്തകകുതുകി യായ അവളെയൊന്നു സന്തോഷിപ്പിക്കണം.

വീടിന്റെ വടക്കുഭാഗത്തുള്ള ഇടുക്കിടയിലൂടെ ഉന്തിതള്ളി വേണം വീതികുറഞ്ഞ പോക്കറ്റ് റോഡിലെത്താൻ.അവിടെ നിന്നും രണ്ടുമിനിറ്റ് മതി മെയിൻ റോഡിലേക്ക് .

രാത്രി വൈകിയെത്തുന്ന ദിവസം ബൈക്ക് അയൽവക്കത്തെ രാജേട്ടന്റെ മുറ്റത്ത് വെക്കും. പിന്നെ മൊബൈൽ ടോർച്ചിന്റെ വെളിച്ചത്തിൽ വീട്ടിലേക്കും .

ഇടവഴിയിലെ ഇഴജന്തുക്കളെ പറ്റി വേവലാതിപ്പെട്ടൊരമ്മ ഉമ്മറപ്പടിയിൽ വഴികണ്ണുമായി നിൽപുണ്ടാവും.

ഒന്നരാടം വെളുത്തുള്ളി ചതച്ചും, പാൽകായം വെള്ളത്തിൽ കലക്കി വഴിനീളെ പാറ്റിത്തളിക്കുന്നൊരമ്മ. നാമം ജപിച്ചുജപിച്ചു താൻ വരുന്നവരെയും ഉമ്മറകോലായുടെ തുമ്പത്തേക്കു കാലും നീട്ടിയിരിക്കുന്നൊരമ്മയുടെ രൂപം എന്നും നേരത്തെ വീടണയാൻ, തളർച്ചയിലും കാലുകൾക്ക് വേഗതയേകുന്നൊരു ഇന്ധനമായിരുന്നു. സ്നേഹക്കു ആ സമയങ്ങളൊക്കെ tv സീരിയലുകൾക്കായി കരാറായിരുന്നു . ഇടവേളകളിൽ മാറി മാറി സീരിയലുകൾ പകുതി കണ്ടും ബാക്കി ഊഹിച്ചും,മൊബൈൽ മെസ്സേജുകൾക്ക് റിപ്ലൈ അയച്ചും മുഖപുസ്തകത്തിന്റെ മായാവലയത്തിൽ ഓരോ സെലിബ്രറ്റികളുടെ ഉദയവും, വൈറലാകുവാനുള്ള സകലമാന അഭ്യാസപ്രകടനങ്ങൾ കണ്ടു മതി മറന്നും, അന്നന്നത്തെ പരിഭവക്കെട്ടയിക്കാൻ തന്നെയും കാത്തു പാതിമയക്കത്തോടെ ലിവിങ് റൂമിലെ സോഫയിലുള്ള കിടപ്പും പതിവ് കാഴ്ചയായി മാറി കഴിഞ്ഞു.

അരുതെന്ന് പറയുന്നതൊക്കെയും ചെയ്യാനുള്ള നിർബന്ധബുദ്ധിയെ അവളുടെ മാത്രം സ്പേസായി കണ്ടു ബഹുമാനിക്കാൻ മനസ്സിനെ ശീലിപ്പിച്ചത് പല തർക്കങ്ങളുള്ള പരിഹാര മതിലുകളായി നില കൊണ്ടു.

കിട്ടുന്ന ശമ്പളം ഒന്നിനും തികയാതെ നട്ടം തിരിയുമ്പോൾ ഏപ്രിലിൽ കിട്ടാൻ പോകുന്ന ശമ്പളം ഇൻക്രിമെന്റിലായിരുന്നു ആകെ പ്രതീക്ഷ.

അമ്മയുടെ കുടുംബശ്രീ സോപ്പ് നിർമാണം അമ്പേ പരാജയമായി. പിന്നെ കുടിശിക തീർക്കാൻ കമ്പിനിയിൽ നിന്നും ലോൺ എടുത്തു. ലോൺ വിഹിതം കഴിഞ്ഞു ബാക്കി കിട്ടുന്നതു ശമ്പളം കൊണ്ടു രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുകയാണ് കുറച്ചു നാളായിട്ട്.
അവളുടെ ഭർതൃസങ്കല്പത്തിനു സീരിയൽ സിനിമ സ്വാധീനമെന്ന എന്റെ കണ്ടെത്തലുകളെ മാടമ്പി എന്ന ഒറ്റ വാക്കിലെന്നെ തളച്ചിടുന്ന കാന്താരി.എപ്പോഴും പ്രണയം നിറച്ചും,തേൻ കിനിയും മൊഴികളാൽ മിഴികൾ തൊട്ടും ഹൃദയത്താളങ്ങളെ ഹൃദയത്തോട് കൂട്ടിപ്പിടിച്ചോമനിച്ചും,നിറയെ സമ്മാനങ്ങൾ നല്കി പരിഭവക്കെറുവിനെ ദുർബലമാക്കാൻ ഉള്ളം തുടിക്കുമ്പോഴും, ഭരിക്കപ്പെടേണ്ടവളാണ് ഭാര്യയെന്ന ഉൽബോധം പരസ്പരസ്നേഹ ബഹുമാനത്തിന്റെയും, ഒന്നായി ത്തീരാനുള്ള ഉൾത്തീയ്ക്കു മേൽ, തണുത്തുമരവിച്ച കമ്പിളിപ്പുതപ്പിനുള്ളിൽ പുറം തിരിഞ്ഞ കിടക്കുന്ന പുകമറകാഴ്ചകൾഅങ്ങു ദൂരേക്കു മറയുന്നു.നിദ്രയെ കൊത്തിയെടുത്തു

പറക്കുന്ന കഴുകൻമാർ ചുറ്റിനും,
ആസുരത്താളങ്ങൾക്കൊണ്ട് അലോസരപെടുത്തികൊണ്ടേയിരിക്കുന്നു.
രണ്ടാൾക്കിടയിൽ മാത്രം നിദ്ര യെ തടസ്സപ്പെടുത്തുന്ന ആരോടും പങ്കുവെക്കാനാഗ്രഹിക്കാത്ത ചില ചെറിയ വലിയ സമസ്യകൾ.
അപൂർവം ചില നേരങ്ങളിൽ ഭ്രാന്ത് പിടിച്ചപോലെ സ്നേഹിച്ചു കൊല്ലും പെണ്ണ്..നൽകുന്ന സ്നേഹം അതേ അളവിലൊ അതിനിരട്ടിയോ തിരിച്ചു കിട്ടണമെന്ന സ്നേഹ സിദ്ധാന്തത്തെ പലപ്പോഴും കളിയാക്കി ദേഷ്യപിടിപ്പിക്കുക വളരെ രസമാണ്..
"ജീവിച്ചിരിക്കുമ്പോഴല്ലേ സ്നേഹിക്കുകയും സ്നേഹിക്കപ്പെടേണ്ടതും?? നല്ല കലിപ്പിലാണ്..
തുടങ്ങിയല്ലോ
" സ്നേഹ ഫിലോസഫി "" !ഇല്ല ഒന്നും പറയുന്നില്ല..
"വീണ്ടും കെറുവിച്ചോ എന്റെ പൊട്ടിക്കാളീ ".
"സൗകര്യമുണ്ടെങ്കിൽ എന്റെ പേര് മാത്രം വിളിച്ചാൽ മതി ".
ഒന്നായി തുടങ്ങിയതു മുതൽ ആവർത്തന വിരസതയൊട്ടുമില്ലാതെ ചില പദപ്രയോഗങ്ങൾ, ഘടനയിൽ ഒട്ടും മാറ്റമില്ലാത്ത വാക്യങ്ങൾ ഞങ്ങൾക്കിടയിൽ കലഹിച്ചുക്കൊണ്ടേ യിരിക്കുന്നതും ഒരു രസമായിരുന്നു.

ഇപ്പോഴത്തെ വഴക്കിനുള്ള കാരണം ഓർത്തു ചിരി ച്ചു പോയി ശ്രീ.
വീടിനു തൊട്ടടുത്തുള്ള ശിവക്ഷേത്രത്തിനു മുൻപിലുള്ള ജങ്ഷനിൽ തമിഴത്തി ശിവാനി ജയ കളക്ഷൻ തുടങ്ങിയിട്ട് അധികനാൾ ആയിട്ടില്ല. ഡ്രസ്സ് മെറ്റീരിയൽ ലേറ്റസ്റ്റ് പാറ്റെനിൽ മിതമായ വിലയ്ക്ക് തയ്ച്ചു നല്കും. അതുകൊണ്ടുതന്നെ തുടക്കത്തിൽ തന്നെ നല്ല കച്ചവടം പിടിക്കാനായിരുന്നു.

കടയ്ക്കു മുൻപിൽ മൊട്ടച്ചി ബൊമ്മ ശിവാനി അക്കയുടെ ഫാഷൻ ഡിസൈനിലുള്ള പ്രതിഭ പ്രകടമാക്കുന്ന തരത്തിലുള്ളതായിരുന്നു. . ലേറ്റസ് ഫാഷനിലുള്ള ഡ്രസ്സ് തയ്ച്ചു നിത്യേന അവർ ബൊമ്മയെ മാറ്റിമാറ്റിയിടുവിക്കും.

തിങ്കളാഴ്ച വ്രതം നോറ്റു കുളിച്ചു ശിവക്ഷേത്ര ദർശനം വയസ്സറിയിച്ചതിൽ പിന്നെ സ്നേഹലതയുടെ ജീവിതചര്യയുടെ ഭാഗമായിരുന്നു. നേര്യതും മുണ്ടും ചുറ്റി ക്ഷേത്രത്തിൽ പോകാറുള്ളു. അരയറ്റം നീളമുള്ള മുടിയിൽ നിന്നും വെള്ളം ഇറ്റിറ്റു വീണ് ബ്ലൗസ് പിൻഭാഗം നനഞ്ഞുട്ടുണ്ടാവും. ഇടതൂർന്ന നീണ്ട മുടിയറ്റത്തിന്റെ തുമ്പു ചുരുട്ടിക്കെട്ടി തുളസിക്കതിര് തിരുകി തിരക്കിട്ടു നടന്നു പോകുന്ന കാഴ്ച, ആൽത്തറയിലെ ഭക്തൻമാർക്ക് ശിവപ്രസാദത്താൽ ലഭിച്ച ദർശനപുണ്യമാണ്.

ഒത്തഉയരവും അതിനൊത്ത തടിയും വെളുത്തു കവിളല്പം ചാടി തുടുത്ത മുഖം. വിശാലമായ നെറ്റിതടം. ഒത്ത നടുക്ക് വലിയ കുങ്കുമ പൊട്ടും ചന്ദനകുറിയും. താൻ ആഗ്രഹിച്ച പോലെ തനിക്കു ചേർന്ന ഭാര്യ തന്നെയാണവൾ. ശ്രീ ഓർത്തു. പക്ഷെ ഒട്ടും പകപതയില്ലാത്ത അവളുടെ പെരുമാറ്റം പലപ്പോഴും ഈർഷ്യയുളവാക്കും.

ഡൽഹി, ജയ്പൂർ, കൊൽക്കത്ത, ചെന്നൈ പോലുള്ള സ്ഥലങ്ങളിൽ നിന്നും വിലകുറച്ചു തുണിത്തരങ്ങൾ ശിവാനിയക്കക്കു എത്തിച്ചു നൽകുന്നത് ഭർത്താവ് പളനിയായിരുന്നു. രണ്ടു പെൺകുട്ടികളാണ് അവർക്ക്. ചെങ്കൽപ്പെ ട്ടിനടുത്തു അമ്മക്കും സഹോദരങ്ങൾക്കൊപ്പം മക്കളെ നിർത്തി പഠിപ്പിക്കുന്നു. കച്ചവടം ചെയ്തു കുറച്ചു പണമുണ്ടാക്കി സ്വന്തമായി നാട്ടിൽ കൊച്ചു വീട് പണിയണം. എന്നിട്ട് മക്കൾക്കൊപ്പം സന്തോഷമായി താമസിക്കണമെന്നുമാണ് തങ്ങളുടെ വലിയ സ്വപ്നം, ശിവാനി സ്നേഹയോട് പറഞ്ഞിരുന്നത് അവൾ തന്നോടും പങ്കുവെച്ചിരുന്നു.

അപ്രതീക്ഷിതമായി കൊറോണ പിടിച്ചു ശിവാനിയുടെ ഭർത്താവ് മരിച്ചുപോയി. ശിവാനിയക്ക സ്വന്തം നാട്ടിലേക്ക് തിരിച്ചു പോകുന്നുവെന്നും, അതുകൊണ്ടു പകുതി വിലക്ക് സ്റ്റോക്ക് വിറ്റയിച്ചു കട ആർക്കെങ്കിലും വിൽക്കാൻ നോക്കുകയാണ്. അവരെയെങ്ങനെയും സഹായിക്കണം ശ്രീയെട്ടാ ! പറക്കമുറ്റാത്ത രണ്ടു പെൺകുട്ടികൾക്കും വൃദ്ധയായ അമ്മക്കും ഇനി അവർ മാത്രമാണ് ആശ്രയം. അതുകൊണ്ടു സ്റ്റോക് ഉൾപ്പെടെ ആ കട നമുക്ക് നടത്താം. വാടക അവർക്ക് അയച്ചു കൊടുക്കാം.... പക്ഷെ തന്റെ സാഹചര്യം അറിയിച്ചു അവളെ വേദനിപ്പിക്കാൻ തനിക്കു വയ്യായിരുന്നു.. അതുകൊണ്ടു മറ്റു അസൗകര്യം ചൂണ്ടി കാണിച്ചു അവളെ വിലക്കി. അവളുടെ ആഗ്രഹങ്ങൾക്കു താൻ വിലകൽപ്പിക്കുന്നില്ല, മനസ്സിൽ ഒട്ടും സ്നേഹ മില്ല അതുകൊണ്ടു സാധിച്ചു കൊടുക്കാത്തത് എന്ന വാശിക്കു മുൻപിൽ തന്റെ സമനിലതെറ്റിപ്പോയി.

ആ ഒരു നിമിഷത്തിൽ സകല നിയന്ത്രണം വിട്ടു വായിതോന്നിയാതൊക്കെ അവളെ പറഞ്ഞു. അന്നുതുടങ്ങിയ മൗനവ്രതം, വൈകുന്നേരം വീടെത്തി കഴിഞ്ഞാൽ മുന്നിൽ കൂടെ തനിക്കു കാണാൻ പാകത്തിന് കടന്നൽ കുത്തിയതു പോലെ മുഖം കേറ്റിപിടിച്ചു നടക്കലും, തർക്കുത്തരം പറച്ചിൽ, കിടപ്പറയിലെ മുഖം തിരിച്ചു കടക്കലും. എന്തെങ്കിലും ചോദിച്ചാൽ കേട്ടഭാവമില്ലായ്മ ,.

ശരീരഭാഷയിലൂടെയുള്ള തന്റെ എല്ലാ അനുനയിപ്പിക്കാനുള്ള ശ്രമങ്ങളെ പാടെ അവഗണിച്ചു ഒട്ടും ഇണങ്ങാത്ത പ്രകൃതികൊണ്ടു മടുത്തു തുടങ്ങി.
നാലുചുവരുകൾക്കുള്ളിൽ നിന്നും പരിഭവപുകച്ചുരുൾ വീട്ടിൽ നിന്നും അതിരു തിരിച്ച കമ്പിവേലിയും കടന്നു പോകുന്ന പുകകൂട്ടങ്ങൾ , നന്മയുള്ള കാഴ്ചകളെ മറപിടിച്ചു . "അല്ല മാറേണ്ടത് അവൾ മാത്രമല്ല ഞാനും കൂടിയാണ്.." മാറ്റം എന്നിലും നിന്നിലും അല്ല നമ്മളിൽ എന്ന തുല്യത അംഗീകരിക്കാൻ മനസ്സ് പാകപ്പെട്ടപ്പോൾ അവളെയും കൂട്ടി രാവിലെ തന്നെയിറങ്ങി നടുറോട്ടിൽ നിന്നും ബൈക്കും ഉന്തിതള്ളി ശ്രീ അപ്പുറത്തെത്തിയിട്ടും സ്നേഹ പരിസരം മറന്നു അവിടെ തന്നെ നിൽപ്പാണ്.. ദേഷ്യം ഉള്ളിലടക്കി "സ്നേഹാ !" നിറഞ്ഞ സ്നേഹത്തോടെ അവളെ അല്പം ഉച്ചത്തിൽ വിളിച്ചു . കുറെ നാളുകൂടി സ്നേഹത്തോടെയുള്ള വിളിയിൽ അവൾ കള്ളച്ചിരിയുമായി തന്നരികിലേക്ക് ധൃതിയിൽ നടന്നു വരുന്നത് സന്തോഷത്തോടെ കണ്ണിമയ്ക്കാതെ നോക്കിനിന്നു..ഇത്രേയുള്ളൂ എന്റെ പെണ്ണിന്റെ പരിഭവ പരിദേവനങ്ങൾ "". ആദ്യമായി അവളെ ഹൃദയത്തോട് ചേർത്തുനിർത്തി നെറുകയിൽ ഒരു ചുംബനം നല്കാൻ ആദമ്യമായി അയാളുടെ മനസ്സ് കൊതിച്ചു.

പെട്ടന്നായിരുന്നു വലിയ ശബ്ദത്തോടെ ട്രാൻസ്പോർട് ബസ്സിന്റെ മുന്നിലുള്ള ടയർ പഞ്ചറായതും,വാഹനം നിയന്ത്രണം വിട്ടു ബൈക്കിനരികിലേക്ക് വരുന്ന സ്നേഹയെ ഇടിച്ചു തെറിപ്പിച്ചതും.

ഡ്രൈവർ തൽക്ഷണം മരിച്ചു. മുൻ വാതിലിനടുത്തുള്ള ഡോറിന്റെ സ്റ്റെപ്പിൽ നിന്നും ഒരു സ്ത്രീ റോഡിലേക്ക് തെറിച്ചു വീണു. കയ്യിലുണ്ടായിരുന്ന വലിയ കവറിൽ നിന്നും പച്ചയും മഞ്ഞയും കളറിൽ ഉള്ള ധാവണി സെറ്റുകൾ പുറത്തേക്ക് വീണുകിടക്കുന്നു. രക്തത്തിൽ കുളിച്ചു കിടക്കുന്ന ശിവാനിയക്കനെയും, സ്നേഹയെയും കൊണ്ടു ആംബുലൻസ് ഹോസ്പിറ്റലിലേക്ക് കുതിച്ചു.
മണിക്കൂറുകൾ നീണ്ടു നിന്ന ഓപ്പറേഷൻ കഴിഞ്ഞു ഡോക്ടർ വെളിയിൽ വന്നു.. ഓപ്പറേഷൻ വാർഡിനുമുന്പിലെ ഇടനാഴിയിലുള്ള പ്ലാസ്റ്റിക് ചെയറിൽ മുഖം കുനിച്ചു ശ്രീയിരിക്കുന്നു. ഡോക്ടർ മെല്ലെ നടന്നു ശ്രീയുടെ അടുത്തെത്തി ശബ്ദം താഴ്ത്തി പറഞ്ഞു.
ഓപ്പറേഷൻ വിജയിച്ചു. സ്നേഹയുടെ ഹൃദയം ഇനി ശിവാനിയിൽ മിടിച്ചു തുടങ്ങും....




വര: ശ്രീജിത്ത്; സമ



ആഷി ആനന്ദ്




നിരഞ്ജന



ധർമജൻ ദിൽഷ

# ഒരു നവംബർ അനുഭവക്കുറിപ്പ്

അനുഭവകഥ

**വി കെ ശ്രീനാഥ്**

സമയം രാത്രി 2 മണി ആകാറായി. ഉറക്കം അശേഷം വരുന്നില്ല. രാവിലെ തിരുച്ചിറപ്പള്ളി പോകാനുള്ളതാണ്. കുട്ടിക്കാലത്ത് ഒരുപാട് മോഹിച്ചതാണ് ഒരു സംഗീത ഉപകരണം പഠിക്കണം എന്ന്. ആദ്യം തബല ആയിരുന്നു കമ്പം. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ അങ്ങനെ ഒന്നും വഴങ്ങാത്ത, സംഗീത ബോധം കുറവായ അച്ഛനെ ബോധ്യപ്പെടുത്തി കോഴിക്കോട് അങ്ങാടിയിൽ നിന്നും ഒരു തബല തരപ്പെടുത്തി. എന്റെ ഒരു സ്നേഹിതന്റെ വീട് ആയിരുന്നു കേന്ദ്രം. രണ്ടോ മൂന്നോ മാസം പോയിക്കാണും. പിന്നീട് അദ്ധ്യാപകൻ തിരക്കിലായത് കൊണ്ടും അതിനേക്കാൾ ഗൌരവമേറിയ കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യാനുള്ളത് കൊണ്ടും അത് ഭംഗിയായി മുടങ്ങി. ഈ പറയുന്ന തബല ഒരു മുടക്കാചരക്കായി പത്തു വർഷം വീട്ടിൽ ഇരുന്ന ശേഷം 500 ഉറുപ്പികയ്ക്ക് വിൽക്കുകയും ഉണ്ടായി. അത് എനിക്കു വാങ്ങി തന്ന അച്ഛന് അതു വിറ്റു കിട്ടിയതിലെ ഓഹരി ഒന്നും ഞാൻ കൊടുത്തതായി അറിവില്ല. സംഗീത ബോധം കുറഞ്ഞ അച്ഛന്റെ സ്നേഹമുള്ള മകൻ. പിന്നീടൊരു കാലയളവിലാണ് ഇലക്ട്രോണിക് കീബോർഡിൽ താൽപര്യം ജനിക്കുന്നത്. അക്കാലയളവിൽ ഞാൻ തീരെ കുട്ടി അല്ലാത്തതു കൊണ്ട് ചെറിയ ഒരെണ്ണം ഒപ്പിച്ചെടുക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. എന്റെ ജ്യേഷ്ഠൻ മംഗലാപുരത്തു നിന്നും വാങ്ങി കൊണ്ട് വന്ന പുസ്തകത്തിൽ ആയിരുന്നു തുടക്കം. പിന്നീട് പെരിന്തൽമണ്ണയിൽ (മലബാറിലെ ഒരു ചെറുനഗരം) ഒരു വിദ്വാൻ ഇതു പഠിപ്പിക്കുന്നുണ്ട് എന്ന് അറിഞ്ഞു. ശേഷം അവിടെ പോയി ബാലപാഠങ്ങൾ പഠിക്കുകയും പിന്നീട് ഉദ്ദേശം രണ്ടു വർഷത്തിന് ശേഷം എന്റേതല്ലാത്ത കാരണം കൊണ്ട് നിർത്തുകയും ചെയ്തു. പത്തു വർഷത്തിനു ശേഷം കാരൈക്കാലിൽ (പുതുശ്ശേരി കേന്ദ്രഭരണ പ്രദേശത്തെ നാലു ജില്ലകളിൽ ഒന്ന്) ഉദ്യോഗത്തിൽ പ്രവേശിച്ചതിനു ശേഷം എന്റെ ആ പഴയ ആഗ്രഹം പൊടി തട്ടി എടുക്കുകയും കുറച്ചു കൂടി വലിയ ഒരു ഇലക്ട്രോണിക് കീബോർഡ് വാങ്ങി പഠനം പുനരാരംഭിക്കുകയും ഉണ്ടായി. ചില മാസങ്ങൾക്ക് ശേഷം ലണ്ടൻ ട്രിനിറ്റി കോളേജിന്റെ പരീക്ഷിക്ക് റജിസ്റ്റർ ചെയ്തു. ജോലി തിരക്കുകളും കുടുംബത്തോടൊപ്പം ഉള്ള സമയവും, പിന്നെ എന്റെ തന്നെ മറ്റു ചില താൽപര്യങ്ങൾക്കുള്ള സമയവും മാറ്റി വെച്ച് മിച്ചം വരുന്ന വളരെ തുച്ഛമായ സമയത്താണ് പ്രാക്ടീസ്. അങ്ങനെ പരീക്ഷത്തലേന്ന് ആയി. രാത്രി കുറെയധികം സമയം

ഉറക്കം വരാതെ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉദ്ദേശം രണ്ടു മണി വരെ സമയം നോക്കിയത് ഓർമയുണ്ട്. പിന്നെ കണ്ണു തുറന്നപ്പോൾ ആറു മണി. അര മണിക്കൂർ കൊണ്ട് പ്രഭാതകർമങ്ങളും മറ്റും കഴിഞ്ഞ് കീബോർഡും എടുത്ത് എന്റെ സ്വന്തം കാറിൽ (അത് ഗമയോടെ തന്നെ പറഞ്ഞതാണ്) യാത്ര തിരിച്ചു. ഉദ്ദേശം 158 കി.മീ യാത്ര ഉണ്ട്. ഇടവേളകളിൽ സേവിക്കാൻ ഭാര്യ തന്ന ലഘുവായ ചില ഭക്ഷണ സാധനങ്ങളും, ഒരു കുപ്പി വെള്ളവും, ഫ്ലാസ്കിൽ ആക്കിയ ചായയും കൊണ്ടാണ് യാത്ര. ഏകദേശം 138 കി. മീ. കഴിഞ്ഞപ്പോൾ തുവക്കുടി എന്ന സ്ഥലത്തു ടോൾ പ്ലാസ വരാൻ പോകുന്നു എന്ന ഒരു ബോർഡ് കണ്ടു. സീറ്റ് ബെൽറ്റ് ഇട്ടിട്ടുള്ളതു കൊണ്ട് പഴ്സ് എടുക്കാൻ എടുക്കാൻ ബുദ്ധിമുട്ടായതിനാൽ മുൻപേ തന്നെ അത് എടുത്ത് വെക്കാൻ കൈ കൊണ്ട് പാന്റിന്റെ വലത്തെ പോക്കറ്റ് തടവി. പഴ്സ് ഇല്ല. പക്ഷേ ഭയപ്പെട്ടില്ല. ഭയപ്പെടാൻ വേറെ ആളെ നോക്കണം. ഇടത്തെ പോക്കറ്റ് നോക്കി, അവിടെയും ഇല്ല. വണ്ടി ഒരു വശത്തക്ക് നിർത്തി, സമാധാനമായി സീറ്റ് ബെൽറ്റ് ഒക്കെ അഴിച്ച് പാന്റിന്റെ ബാക്ക് പോക്കറ്റുകളും പരതി നോക്കി. രക്ഷയില്ല. ഹൃദയമിടിപ്പ് ചെറുതായി കൂടി തുടങ്ങി. സമയം 8:20 a.m. പരീക്ഷ 9 മണിക്കാണ്. ഇപ്പോൾ ഭയപ്പെട്ടു.

ഞാൻ ശരീരവും, കൊണ്ട് പോയ ബാഗും, എന്റെ കാറും (അത് ഗമയോടെ പറഞ്ഞതല്ല) മുഴുവനും തപ്പി നോക്കി. ഒരു ചില്ലി കാശു പോലും ഇല്ല. അത് വഴി പോയ ഒരു കാർ കൈ കാണിച്ച് നിർത്തി ഈ ടോൾ പ്ലാസ ഒഴിവാക്കി വേറെ വഴിക്കു തിരുച്ചിറപ്പള്ളിക്ക് പോകാമോ എന്ന് ചോദിച്ചു. ഇല്ല, അഥവാ പോകണമെങ്കിൽ തന്നെ, 60 കി.മീ. പുറകോട്ടു പോയി ചുറ്റി വളഞ്ഞു പോകണം എന്നായിരുന്നു ഉത്തരം. അങ്ങനെ ചെയ്താൽ 9 മണിക്ക് തിരുച്ചിറപ്പള്ളി എത്തുക തീർത്തും അസംഭവ്യം. എന്റെ പ്രിയ പത്നിയെ ഫോൺ വിളിച്ച് ചോദിച്ചപ്പോൾ പഴ്സ് ഭദ്രമായി വീട്ടിൽ തന്നെ ഉണ്ട് എന്നറിയാൻ കഴിഞ്ഞു. ഭാഗ്യം വേറെ എങ്ങും പോയില്ലല്ലോ. രാവിലെ വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ പഴ്സും ഫോണും അടക്കം സകല സാമഗ്രികളും എടുത്തില്ലേ എന്ന് അവൾ എണ്ണിയെണ്ണി ചോദിച്ചതാണ് “ആ എടുത്തെടീ...” എന്ന് മലയാള നാട്ടിലെ എല്ലാ ഭർത്താക്കന്മാരെയും പോലെ അർഹിക്കുന്ന ലാഘവത്തോടെ തട്ടി വിട്ടതാണ്. ഇനി ഇപ്പോൾ പറഞ്ഞിട്ടെന്ത് കാര്യം. ആകെയുള്ള ധൈര്യം തലേ ദിവസം വണ്ടിയിൽ ആവശ്യത്തിന് ഇന്ധനം നിറച്ചിട്ടുണ്ട് എന്നതാണ്. സമയം 8:25 a.m. വേറെ ഒരു വഴിയും ഇല്ലാത്തതു കൊണ്ട് രണ്ടും കൽപ്പിച്ച് മുൻപോട്ടു പോകാൻ തന്നെ നിശ്ചയിച്ചു. അല്പ നേരം കൊണ്ട് ടോൾ പ്ലാസ കൌണ്ടറിൽ എത്തി.

എന്റേതുൾപ്പെടെ എല്ലാ കൌണ്ടറിലും നല്ല തിരക്ക്. എന്റെ ഊഴം വന്നപ്പോൾ ഞാൻ

കൌണ്ടറിൽ ഇരുന്ന തമിഴത്തിയോട് പറഞ്ഞു "തിരുമ്പി വരുമ്പോത് തരലാമാ... ഇപ്പോ എങ്കിട്ടെ പണം ഇല്ലിങ്കെ....". അപ്പോൾ അവൾ എന്നെ അടിമുടി ഒന്നു നോക്കിയിട്ട് ഒരു ചെറുചിരിയോടെ പറഞ്ഞു "മുടിയാത് മുടിയാത്... നീങ്ക പണം തന്താ താ അന്ത ഗെയ്റ്റ് ഓപ്പൺ ആകും... എല്ലാമെ കമ്പ്യൂട്ടർ താനെ സർ... എന്നാലെ ഒന്നും പണ്ണമുടിയാത്...". ആ തമിഴ് പിശാചിനെ ബോധിപ്പിക്കാനുള്ള എന്റെ എല്ലാ ശ്രമവും ചീറ്റി. ശരി, നിങ്ങളുടെ മാനേജർ വരട്ടെ സംസാരിക്കാം എന്നായി ഞാൻ. വണ്ടികളുടെ ഹോണടിയും വലിയ ബഹളവും കേട്ടു പുറത്തേക്ക് തലയിട്ടു നോക്കിയ ഞാൻ കണ്ടത് കാറുകളുടെയും ലോറികളുടെയും വലിയ ഒരു നിരയാണ്. പലരും പല ഭാഷകളിലായി കൈ ചൂണ്ടി "സഭ്യമായി " പലതും പറയുന്നുണ്ട്. ഒരു സെക്യൂരിറ്റി ഓടി വന്ന് കാർ പെട്ടെന്ന് എടുത്ത് മാറ്റാൻ പറഞ്ഞു. എന്റെ കാർ  എടുത്തു മാറ്റാൻ അത്രയും വണ്ടികൾ പുറകോട്ട് എടുത്തു. രംഗം നന്നായി കൊഴുത്തു. വലിയ സീൻ ആയി. എയർ  കണ്ടിഷൻ കാറിൽ ഇരുന്ന് ഞാൻ വിയർത്ത് തുടങ്ങി. ഒരു വിധത്തിൽ കാർ ഒരു വശത്തേക്ക് മാറ്റിയിട്ട് മാനേജരെ കാണാൻ അയാളുടെ ഓഫീസിലേക്ക് പോയി. കണ്ടു കാര്യം പറഞ്ഞപ്പോൾ അയാൾ കൂടെ വന്നു. എന്നെയും വണ്ടിയെയും മാറി മാറി നോക്കിയ ശേഷം "നീങ്ക വടി എടുങ്ക സർ... പണം നാൻ കൊടുത്തിടറേൻ...". അങ്ങോട്ട് പോകാനുള്ള ടോൾ ചാർജ് ആയ 46 ഉറുപ്പിക അയാൾ കൊടുത്തു. അയാളോട് തിരിച്ചു വരാനുള്ള പൈസ ഞാൻ ചോദിച്ചില്ല. അയാളോട് "നൻട്രി" പറഞ്ഞ് ഞാൻ യാത്ര തുടർന്നു. അയാളുടെ പേര് ഇന്നും ഓർമയുണ്ട്, നവനീത കൃഷ്ണൻ.

സമയം 8:40 a.m. ഈ NH-67 റോഡ് ഉണ്ടാക്കിയത് അമ്മയുടെ കാലത്തായാലും കലൈഞ്ജരുടെ കാലത്തായാലും സ്തുതി. പരീക്ഷാകേന്ദ്രത്തിൽ 8:55 a.m. നു എത്തി. പ്രാതൽ കഴിക്കാൻ സമയവും പണവും ഇല്ലാത്തതു കൊണ്ട്, ഭാര്യ എന്റെ താല്പര്യമില്ലായ്മ അവഗണിച്ച് വണ്ടിയിൽ വെച്ച് തന്ന ചായയും ബിസ്കറ്റും ആർത്തിയോടെ കഴിച്ചു.  പരീക്ഷ നടത്തിപ്പിന് ലണ്ടനിൽ നിന്നും ഒരു സായിപ്പാണ് വന്നത്. അവിടുത്തെ ജീവനക്കാർക്ക് ആ സായിപ്പിന്റെ വീഡിയോ എടുക്കാൻ ഒരു അഞ്ചു മിനിറ്റ് ആരെയെങ്കിലും വേണമായിരുന്നു. അവരുടെ ആ തിരച്ചിൽ എന്നിൽ ആണ് അവസാനിച്ചത്. സായിപ്പിന്റെ വരവും മുഖവും എല്ലാം ഭംഗിയായി ക്യാമറയിൽ പകർത്തി തിരിച്ചു വന്നപ്പോൾ ആണ് ആ ഹൃദയഭേദകമായ കാഴ്ച കണ്ടത്. ഞാൻ വെള്ളം കൊണ്ട് വന്ന കുപ്പി അവിടെ പരീക്ഷക്ക് വന്ന മറ്റു കുട്ടികൾ കാലിയാക്കി വെച്ചിരിക്കുന്നു. വേറെ പണമൊന്നുമില്ലാത്ത എന്റെ കയ്യിൽ കഴിക്കാനും കുടിക്കാനുമായി ആകെ ഉണ്ടായിരുന്നത് ആ വെള്ളമായിരുന്നു. എന്റെ റജിസ്ട്രേഷൻ കഴിഞ്ഞ്

പരീക്ഷിക്ക് മുൻപ് കുറച്ച് സമയം ഉണ്ടായിരുന്നത് കൊണ്ട് വന്ന കുട്ടികൾക്ക് പരീക്ഷാ കേന്ദ്രത്തിൽ നിന്നും കൊടുക്കാനായി ശീതളപാനീയവും ബിസ്കറ്റും മറ്റും വാങ്ങാനായി ഒരു ജീവനക്കാരന്റെ കൂടെ എന്നോടും പോകാമോ എന്നു ചോദിച്ചു ("സ്വന്തം" വണ്ടി ഉള്ളതു കൊണ്ട് ആകും). ഞാൻ സമ്മതിച്ചു. ഞങ്ങൾ പോയി സൌകര്യപ്രദമായ ഒരു സ്ഥലത്തു വണ്ടി നിർത്തി. കൂടെ വന്നയാൾ സാധനങ്ങൾ വാങ്ങാൻ ഇറങ്ങിപ്പോയി. അയാൾ രണ്ടു മൂന്നു കടകൾ കയറി ഇറങ്ങുന്നത് ഞാൻ വണ്ടിയിൽ ഇരുന്ന് കണ്ടു. പെട്ടെന്നാണ് ആരോ വണ്ടിയുടെ കണ്ണാടിയിൽ തട്ടിയത്. നോക്കിയപ്പോൾ വളരെ പാവപ്പെട്ട ഒരു അമ്മയും ഏകദേശം എന്റെ മകളുടെ പ്രായം വരുന്ന ഒരു കുട്ടിയും. എനിക്കു പാവം തോന്നി ഞാൻ പൊക്കറ്റിൽ കൈ ഇട്ടു. പ്രതീക്ഷയോടെ അവരും എന്നെ നോക്കി. അപ്പോഴാണ് ഒരു നാലണ പോലും എന്റെ കയ്യിൽ ഇല്ല എന്ന് ഓർമ വന്നത്. ഞാൻ പോക്കറ്റിൽ കൈ ഇടുന്നത് കണ്ട് എന്തെങ്കിലും കിട്ടും എന്ന് കരുതിയതു കൊണ്ടാവും, എങ്ങും പോകാതെ അവർ കുറെ നേരം അവിടെ ചുറ്റിപ്പറ്റി നിന്നു. ലക്ഷങ്ങളുടെ കാറിൽ, പതിനായിരങ്ങളുടെ ക്യാമറയും ഫോണും പിടിച്ച് പത്തു പൈസ പൊക്കറ്റിൽ ഇല്ലാതെ നിസ്സഹായനായി ഞാൻ അവരെ അവഗണിച്ചു. എന്നെ കുറെ എന്തൊക്കെയോ പറഞ്ഞിട്ടു അവർ നടന്നു നീങ്ങി. അപ്പോഴേക്കും എന്റെ കൂടെ വന്നയാൾ സാധനങ്ങൾ വാങ്ങി തിരിച്ചു വന്നു. സാധനങ്ങൾ വാങ്ങി എത്തിക്കഴിഞ്ഞ ഉടനെ തന്നെ എന്റെ ഊഴം വന്നതിനാൽ പരീക്ഷക്ക് കയറി. ഭഗവതീ കടാക്ഷം. എല്ലാം ഭംഗിയായി കഴിഞ്ഞു. പുറത്തു വന്നപ്പോൾ പക്ഷേ ഞാൻ വാങ്ങിയ ശീതളപ്പാനീയത്തിന്റെയോ ബിസ്കറ്റിന്റെയോ പൊടി പോലും ഉണ്ടായിരുന്നില്ല. പരീക്ഷ കഴിഞ്ഞു പുറത്തിറങ്ങിയ ഉടനെ തന്നെ ഞാൻ സംഗീതം പഠിക്കുന്ന സ്ഥാപനത്തിലെ ഉടമസ്ഥൻ ആയ വയലിൻ വിദ്വാൻ പരീക്ഷയെപ്പറ്റി കുശലാന്വേഷണം നടത്തുകയും അദ്ദേഹവും അദ്ദേഹത്തിന്റെ പത്നിയും തിരിച്ചു പോകുമ്പോൾ കൂടെ ഉണ്ട് എന്ന് പറയുകയും ചെയ്തു. അപ്പോൾ എന്റെ മനസ്സിൽ വന്നത് മറ്റ് ചില ചിന്തകളാണ്. ഇതു പോലെ വലിയൊരാൾ വണ്ടിയിൽ വന്നാൽ തിരിച്ചു പോകുമ്പോൾ ഞാൻ ടോൾ പ്ലാസയിൽ ഇരക്കുന്നത് കാണും. പിന്നെ വഴിയിൽ ഒരു ചായ പോലും വാങ്ങിക്കൊടുക്കാനുള്ള പൈസ എന്റെ കയ്യിൽ ഇല്ല. എന്റെ ഉദ്യോഗം വലിയ അഭിമാനത്തോടെ മറ്റുള്ളവരോട് പറഞ്ഞ അദ്ദേഹത്തോട് സത്യാവസ്ഥ പറയാൻ എനിക്കു കഴിഞ്ഞില്ല. എന്റെ ഒരു സുഹൃത്ത് ഇവിടെ ഉണ്ടെന്നും അയാളെ കണ്ട് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞേ ഞാൻ മടങ്ങൂ എന്നും പറഞ്ഞ് ഞാൻ തൽക്കാലം അദ്ദേഹത്തെ ഒഴിവാക്കി. ഞാൻ അവിടെ നിന്നും

തിരിച്ച് ടൌണിൽ എത്തി.
ഇതിനുള്ളിൽ എന്റെ ഭാര്യ വഴി ഈ സംഭവങ്ങൾ എന്റെ ഓഫീസിൽ അറിഞ്ഞിരുന്നു. എന്റെ കമ്പനിയിലെ ഓട്ടോ മെക്കാനിക്കിന്റെ ഒരു ബന്ധു ഇവിടെ തിരുച്ചിറപ്പള്ളിയിൽ പഠിക്കുന്നുണ്ടായിരുന്ധു. ആ വഴി ഒരു അഞ്ഞൂറു രൂപ തരപ്പെട്ടു. ആ അഞ്ഞൂറു ഉറുപ്പിക തരാൻ വന്ന കുട്ടിയുടെ* മ്ലാനവും ദയനീയവും ആയ മുഖം ഇന്നും മറന്നിട്ടില്ല. അവന്റെ മനസ്സിൽ അന്ന് എന്തൊക്കെ വികാര വിചാരങ്ങൾ ആയിരുന്നു എന്ന്, ഈ വഴിയൊക്കെ ജീവിതത്തിൽ പിന്നിട്ടിട്ടുള്ളത് കൊണ്ട് മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. പൈസ തരപ്പെട്ടപ്പോഴേക്കും നേരം ഉച്ച കഴിഞ്ഞിരുന്നു. പൈസയുമായി നേരെ പോയത് നല്ല ഒരു ഹോട്ടലിലേക്കാണ്. സാമാന്യം നല്ല രീതിയിൽ കഴിച്ചിട്ട് യാത്ര പുറപ്പെട്ടു. തിരിച്ചു ടോൾ പ്ലാസയിൽ എത്തിയപ്പോൾ രാവിലെ തന്ന പണം തിരിച്ചു കൊടുക്കാനും ഒരു തവണ കൂടി നന്ദി പ്രകാശനം നടത്താനും നവനീത കൃഷ്ണനെ അന്വേഷിച്ചു. പക്ഷേ അദ്ദേഹം ഡ്യൂട്ടി ചേഞ്ചിൽ വീട്ടിൽ പോയി എന്നാണ് അറിയാൻ കഴിഞ്ഞത്. അദ്ദേഹത്തിനുള്ള പൈസ അവിടെ മറ്റൊരാളെ ഏൽപ്പിച്ച് ഞാൻ യാത്ര തുടർന്നു. സംഭവ ബഹുലമായ ദിവസം ആയിരുന്നെങ്കിലും എല്ലാം നല്ല രീതിയിൽ കഴിഞ്ഞതു കൊണ്ട് മനസ്സ് ശാന്തമായിരുന്ധു.
മൂന്നു മണിക്കൂർ നേരത്തെ യാത്രക്കൊടുവിൽ അന്നേ ദിവസം ഉദ്ദേശം വൈകീട്ട് 6 മണിക്ക് മേലവാഞ്ചൂരിൽ എത്തി.
നാഗപട്ടിണത്തിൽ നിന്നും തിരുവാരൂരിൽ നിന്നും വേളാങ്കണ്ണിയിൽ നിന്നും വരുന്ന റോഡുകൾ സന്ധിക്കുന്ന സ്ഥലമാണ്. തിരക്ക് മൂലം വണ്ടികൾ ബ്ലോക്കാണ്. തിരുച്ചിറപ്പള്ളിയിൽ നിന്നും ഈ പറഞ്ഞ മൂന്നു വഴിയിലൂടെയും തിരിച്ചു കാരൈക്കാലിൽ വരാം. മേലവാഞ്ചൂരിലെ ബ്ലോക്കിൽ വണ്ടികളുടെ നീണ്ട നിരയിൽ എന്റെ കാറിന്റെ വലതു വശത്ത് ഏതാണ്ട് മുന്നിലായി ഒരു വാൻ വന്നു നിന്നു. ഞാൻ പഠിക്കുന്ന സംഗീത സ്ഥാപനത്തിന്റെ വാൻ ആണ്. നേരത്ത ഇന്ന് മടങ്ങുന്നില്ല എന്ന് ഞാൻ കളവ് പറഞ്ഞ വയലിൻ വിദ്വാനും പത്നിയും അടക്കം സർവരും എന്നെ വളരെ വ്യക്തമായി കണ്ടു. കയ്യും കാണിച്ചു. വളരെ മനോഹരമായി നവരസഭരിതമായ മുഖഭാവത്തോടെ ഞാനും കൈ കാണിച്ചു. മനോഹരമായ ഒരു ദിവസത്തിന്റെ അതിമനോഹരമായ പരിസമാപ്തി.■

***മുഖചിത്രം തയ്യാറാക്കിയത്: എസ് അനശ്വര**



തിരുവോണാശംസകളോടെ
ജി സി നായർ & ഫാമിലി




തിരുവോണാശംസകൾ
എം പി നായർ & ഫാമിലി


| Editorial Board | | |
|---|---|---|
| Dr. P O Suresh | Chief Editor | 9426876927 |
| Mr. Jaydeep Nambiar | Editor | 9638057952 |
| Mr. Venugopal Nair | Editor | 9898057952 |
| Mr. G C Nair | President | 9824272301 |
| Mr. J K Nair | Secretary | 9898436564 |
| Mr. M Vasudevan | Treasurer | 9428007476 |



Happy
Onam
We wish that this Onam fills your home and heart with happiness & joy!
Happy Onam!
From JJ ATTESTATION
JJ Attestation provides certificate attestation services like HRD, GAD, MEA, EMBASSY, MANTRALAYA, APOSTILLE, WES Verification etc.
Please contact:9081480720
8488041626

DR. PILLAI'S ACADEMY
202, Avani - 3-Residency, Nr. Bansal Mall Gotri, Vadodara - 21
Classes for
CBSE, GSEB & ICSE
Std. V - X - Main Subjects
Std. XI - XII - Biology & English
Our Faculty
Dr. C R S Pillai M. Com, MBL, ACS, Ph.D
Dr. Sujatha Pillai M.Sc, M. Phil, Ph.D
FOR ADMISSION CONTACT - 9558779679